# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മേയ് 9 | ദീപം 57 | നാളം 9 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# കരങ്ങൾ കോർക്കാം ആഗോള ഭീകരതയ്ക്കെതിരേ




ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ


മനഃസാക്ഷിയുടെ സ്വാതന്ത്ര്യം പൗരന്മാർക്ക് ഉറപ്പുനൽകുന്ന ഭരണഘടനയുള്ള രാജ്യമാണ് ഇന്ത്യ. എല്ലാ വ്യക്തികൾക്കും സ്വതന്ത്രമായി മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ട്. മതത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനം നിരോധിക്കുകമാത്രമല്ല, എല്ലാ മതങ്ങളെയും നിഷ്പക്ഷമായി കാണാനും ഭരണഘടന ആവശ്യപ്പെടുന്നു. പൊതുക്രമത്തെയോ ധാർമ്മികതയെയോ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പൗരന്മാർക്ക് അവരുടെ വിശ്വാസം ആചരിക്കാനും അവകാശമുണ്ട്.

### അവകാശമാണ്; ഔദാര്യമല്ല

ഭരണഘടനയുടെ ആർട്ടിക്കിൾ 14 മുതൽ 30 വരെയുള്ള വകുപ്പുകൾ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം വ്യക്തതയോടെ നിർവചിക്കുന്നതാണ്. സമത്വത്തിനുള്ള അവകാശം (ആർട്ടി.14), മതമോ വർഗമോ, ജാതിയോ ലിംഗമോ ജനനസ്ഥലമോ കണക്കാക്കിയുള്ള വിവേചനത്തിന്റെ നിരോധനം (ആർട്ടി.15), ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം, വിദ്യാഭ്യാസത്തിനുള്ള അവകാശം (ആർട്ടി.21), മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടി.25), മതപരമായ കാര്യങ്ങളിലെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം (ആർട്ടി.26), ന്യൂനപക്ഷ താത്പര്യങ്ങളുടെ സംരക്ഷണം (ആർട്ടി. 29), ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഭരണം നടത്താനുമുള്ള അവകാശം(ആർട്ടി.30) എന്നിങ്ങനെ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷവകുപ്പുകൾ ആരുടെയും ഔദാര്യമല്ല; ന്യൂനപക്ഷങ്ങളുടെ അവകാശമാണ്.

ന്യൂനപക്ഷാവകാശം ജനാധിപത്യഭരണസംവിധാനത്തിന്റെ അടിത്തറയായ ഭരണഘടനയുടെ അതീവപ്രാധാന്യമുള്ള വ്യവസ്ഥയാണ്. രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ താത്പര്യസംരക്ഷണത്തിനുവേണ്ടി ഭരണഘടനാശില്പികൾ ദീർഘവീക്ഷണത്തോടെ എഴുതിച്ചേർത്ത് പതിറ്റാണ്ടുകളായി തുടരുന്ന അടിസ്ഥാന നിയമസംഹിതകൾ ഇന്ത്യൻ ഭരണഘടനയെ മഹത്തരമാക്കുന്നു. 1974 ലെ സെന്റ് സേവ്യേഴ്സ് കേസിലും 2002 ലെ ടിഎംഎ പൈ ഫൗണ്ടേഷൻ കേസിലും ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയുടെ അടിസ്ഥാനഘടകമായി വർത്തിക്കുന്നുവെന്നു രാജ്യത്തെ ഉന്നതനീതിപീഠം സൂചിപ്പിക്കുന്നു. ജനാധിപത്യം,ബഹുത്വം, മതേതരത്വം, സമത്വം എന്നിവ അനുവദിച്ചുകൊടുക്കുകയും ന്യൂനപക്ഷങ്ങളുടെ അവകാശമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ മൗലികാവകാശങ്ങൾ രാഷ്ട്രത്തിന്റെ അഖണ്ഡതയുടെയും ഐക്യത്തിന്റെയും ഭാഗമാണ്.

ന്യൂനപക്ഷപദവി മാറിമാറിവരുന്ന സർക്കാരുകളുടെ ഔദാര്യവും ദയയുമാണെന്നു പലരും കരുതുന്നു. ഇതു തെറ്റായ കാഴ്ചപ്പാടും ചിന്തയുമാണ്. ന്യൂനപപദവിയും അവകാശവും മാനദണ്ഡങ്ങളും വലിയ സങ്കീർണതയിലേക്കു നീങ്ങുന്ന സാഹചര്യമാണു നിലവിലുള്ളത്. എത്രശതമാനംവരെ ജനസംഖ്യയുണ്ടെങ്കിൽ ഇന്ത്യയിൽ ന്യൂനപക്ഷമായി കണക്കാക്കാം എന്ന ചോദ്യവും ഉയർന്നുവരുന്നുണ്ട്. ഇന്ത്യയിലെ ആറു സംസ്ഥാനങ്ങളിലും മൂന്നു കേന്ദ്രഭരണപ്രദേശങ്ങളിലും ഹിന്ദുക്കൾ ന്യൂനപക്ഷമാണെന്ന ഹർജിയിലാണ് സുപ്രീംകോടതിയുടെ ഈ നിരീക്ഷണങ്ങൾ.

ന്യൂനപക്ഷങ്ങളിൽ ആത്മവിശ്വാസവും സുരക്ഷിതത്വബോധവും വളർത്തിയെടുക്കുന്നതിനാണ് ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന പ്രത്യേക സംരക്ഷണമേർപ്പെടുത്തിയിരിക്കുന്നതെന്ന് ടി.എം.എ. പൈ. ഫൗണ്ടേഷൻ വിധിന്യായത്തിൽ പറയുന്നു. ന്യൂനപക്ഷസംരക്ഷണം മൗലികാവകാശമാണെന്നിരിക്കെ സാധാരണ നിയമങ്ങളെ സമീപിക്കുന്ന രീതിയിലും കാഴ്ചപ്പാടിലും ന്യൂനപക്ഷസംരക്ഷണത്തെ സമീപിച്ചു ദുർബലപ്പെടുത്തുന്നതും വ്രണപ്പെടുത്തുന്നതും ശരിയല്ല.

ജനാധിപത്യഭരണപ്രക്രിയയിൽ ഭൂരിപക്ഷം, ന്യൂനപക്ഷം എന്നീ പദങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഭൂരിപക്ഷത്തിന്റെ തീരുമാനങ്ങൾക്കാണ് പ്രസക്തി. അതിനാൽ, ന്യൂനപക്ഷങ്ങൾ അടിച്ചമർത്തപ്പെടാനുള്ള സാധ്യതയേറും. ഇതൊഴിവാക്കാനുള്ള സംരക്ഷണകവചമാണ് ഇന്ത്യൻ ഭരണഘടന വളരെ ദീർഘവീക്ഷണത്തോടെ ഒരുക്കിയിരിക്കുന്നത്. ഇവിടെയാണ് ഭരണഘടനാശില്പികളുടെ പ്രതിബദ്ധതയെ നാം തിരിച്ചറിയേണ്ടത്. അതിനാൽത്തന്നെ ന്യൂനപക്ഷപദവി അവകാശത്തെക്കാളുപരി സംരക്ഷണമാണ്. ഈ സംരക്ഷണം അട്ടിമറിക്കപ്പെടുന്ന സാഹചര്യങ്ങൾ ബോധപൂർവം സൃഷ്ടിക്കപ്പെടുമ്പോഴാണ് വിവിധ കോണുകളിൽനിന്ന് എതിർപ്പുകളുടെ സ്വരമുയരുന്നത്.

### സംരക്ഷണം വേണ്ടതാർക്ക്?


സ്വാതന്ത്ര്യം പ്രാപിച്ച് 45 വർഷത്തിനുശേഷം 1992 ലാണ് കേന്ദ്രസർക്കാർ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഏതെന്നു പ്രഖ്യാപിച്ച് ഉത്തരവിറക്കിയത്. മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി വിഭാഗങ്ങളെ മതന്യൂനപക്ഷങ്ങളായി പ്രഖ്യാപിച്ചു. പിന്നീട് ജൈനരും ഇക്കൂടെ വന്നു. ഇങ്ങനെ ആറ് ന്യൂനപക്ഷ മതവിഭാഗങ്ങളാണ് ഔദ്യോഗികമായി ഇന്ത്യയിലിന്നു നിലവിലുള്ളത്. തുടർന്നിങ്ങോട്ട് ന്യൂനപക്ഷക്ഷേമവകുപ്പുകൾ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുകൾ, 2005 ൽ ന്യൂനപക്ഷക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പദ്ധതികൾ, വിദ്യാർഥികൾക്കും വിധവകൾക്കും യുവാക്കൾക്കുംമാത്രമല്ല മതന്യൂനപക്ഷവിഭാഗത്തിലെ പാവപ്പെട്ടവർക്കെല്ലാമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച് ബജറ്റിൽ പണം വകയിരുത്തി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പാക്കി. സംസ്ഥാനങ്ങളിലാകട്ടെ ന്യൂനപക്ഷക്ഷേമവകുപ്പും മന്ത്രിമാരും ന്യൂനപക്ഷ കമ്മീഷനും നിലവിൽവന്നു.

ന്യൂനപക്ഷ, ഭൂരിപക്ഷ വേർതിരിവിന്റെ അളവുകോൽ ജനസംഖ്യയാണ്. അംഗസംഖ്യയുടെ കുറവാണ് ദുർബലാവസ്ഥയുടെ പ്രധാന കാരണമെന്ന് ഐക്യരാഷ്ട്രസഭയും വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ സംരക്ഷണം വേണ്ടതാർക്ക്? ജനസംഖ്യ കുറയുന്നവർക്കോ ജനസംഖ്യ കുതിച്ചുയരുന്നവർക്കോ? ഇന്ത്യയിലെ ന്യൂനപക്ഷമതവിഭാഗങ്ങളിലെ ഭൂരിപക്ഷ മതവിഭാഗമൊഴിച്ച് മറ്റ് അഞ്ചു വിഭാഗങ്ങൾ കാലങ്ങളായി ഉയർത്തുന്ന ചോദ്യത്തിന് വർഗീയ വോട്ടുരാഷ്ട്രീയത്തിന്റെ അട്ടിപ്പേറ് അവകാശവുമായി അധികാര സ്വപ്നങ്ങൾ താലോലിക്കുന്ന രാഷ്ട്രീയ ഭരണനേതൃത്വങ്ങൾക്കു മറുപടിയില്ല.

▶12



ഹണി സുധീർ




**ഉ**ഷ്ണതരംഗം മുൻകാലങ്ങളിൽ കേട്ടുകേൾവിമാത്രമായിരുന്നു മലയാളികൾക്ക്. ഉത്തരേന്ത്യയിലായിരുന്നു ഈ പ്രതിഭാസം കൂടുതലായി അനുഭവപ്പെട്ടിരുന്നത്. ഇന്ന് ഇതു കേരളത്തിലുമെത്തി. കുത്തനെ ഉയർന്ന താപനില ജനജീവിതം ദുരിതത്തിലാഴ്ത്തിയിരിക്കുന്നു. ഈ കൊടുംചൂടും വരൾച്ചയും വരുംകാലങ്ങളിലും തുടർന്നേക്കാമെന്നുള്ള സൂചനയാണു നിലവിലുള്ളത്.

# ഉയിരെടുക്കുന്ന ഉഷ്ണതരംഗങ്ങൾ

കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തുറസ്സായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്കും കുട്ടികൾക്കും പ്രായമായവർക്കും യാത്രികർക്കും തുടങ്ങി എല്ലാവർക്കും അസ്സഹനീയ



മാണ് ചൂട്. കൊടുംവരൾച്ചകൊണ്ടു കുടിവെള്ളമില്ലാതെ വലയുന്ന ജനങ്ങൾ. പക്ഷിമൃഗാദികളെയും ഉഷ്ണതരംഗവും വരൾച്ചയും ഏറെ ബാധിക്കുന്നു. ചൂടുകാരണം ഉണങ്ങിവരണ്ട കാടുകൾക്കു തീപിടിക്കുന്നത് ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് പാലക്കാട് ജില്ലയിലാണ്. തൊട്ടുപിന്നിൽ തൃശൂർ, കൊല്ലം ജില്ലകളും ഉഷ്ണതരംഗത്തിന്റെ പിടിയിലാണ്. പാലക്കാട്, കണ്ണൂർ ജില്ലകളിലായി മൂന്നു വയോധികർ സൂര്യാഘാതംമൂലം മരണമടഞ്ഞിട്ടുണ്ട്.

പൊതുവെ കാർഷികമേഖലയായ പാലക്കാട് ജില്ലയിൽ വേനൽമഴയുടെ ലഭ്യത മുൻവർഷങ്ങളെ അപേക്ഷിച്ചു വളരെ കുറവാണ്. അതുകൊണ്ടുതന്നെ, കൃഷിക്കു സാരമായ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്രധാന ജലസ്രോതസ്സായ മലമ്പുഴ ഡാമിലെ ജലദൗർലഭ്യതയും കൃഷിയെ പ്രതികൂലമായി ബാധിച്ചു.

കേരളത്തിന്റെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴയുടെ നീരൊഴുക്കു നിലച്ചിട്ടു നാളുകളായി. കുടിവെള്ളത്തിനായി പാലക്കാട്, തൃശൂർ ജില്ലകൾ ആശ്രയിക്കുന്നത് പ്രധാനമായും നിളയെയാണ്.

**എന്താണ് ഉഷ്ണതരംഗം?**

ശരാശരി ഉയർന്ന ഊഷ്മാവിനെക്കാൾ 5 ഡിഗ്രി കൂടുതലായി അഞ്ചു ദിവസത്തിനു മുകളിൽ തുടർച്ചയായി ഉണ്ടായാൽ ഉഷ്ണതരംഗമായി. ഉഷ്ണതരംഗത്തിനു പല കാരണങ്ങളുണ്ടെങ്കിലും പ്രധാനപ്പെട്ട ഒരു കാരണം, അന്തരീക്ഷവായുവിന്റെ ഘടികാരദിശയിലുള്ള കറക്കമാണ്. അന്തരീക്ഷത്തിൽ ഒന്നര കിലോമീറ്ററിനും മുകളിലായി ഇപ്പോൾ നിലനിൽക്കുന്ന ഈ ആന്റിസൈക്ലോൺ വായുവിനെ താഴോട്ടു ഞെരിച്ചമർത്തുകയും തത്ഫലമായി സമ്മർദത്തിനടിമപ്പെടുന്ന വായു കൂടുതൽ ചൂടാകുകയും ചെയ്യുന്നു. ഈ പ്രതിഭാസമാണ് ഇന്ന് ഉത്തരേന്ത്യയിൽ നിലനിൽക്കുന്ന ഉഷ്ണതരംഗത്തിന്റെ പ്രധാനകാരണം. ഇതിന്റെ ഫലമായി കേരളത്തിലും താപനില കൂടുന്നു.

ആഗോളകാലാവസ്ഥയിൽ സൂര്യനിലെ ചാക്രികമാറ്റങ്ങളാണ് ചൂടിന്റെ വർധനയ്ക്കു പിന്നിൽ. 2018, 2019 വർഷത്തിൽ സൂര്യന്റെ തീവ്രത കുറഞ്ഞിരുന്നതിനാൽ മേഘാവരണം വർധിക്കുകയും മേഘസ്ഫോടനവും തീവ്രമഴയും ഉണ്ടാവുകയും പ്രളയത്തിനു കാരണമാവുകയും ചെയ്തു. പിന്നീട്, സൂര്യൻ അടുത്ത ചാക്രികഘട്ടത്തിലേക്കു കടന്നു. അതിനാൽ, തുടർന്നുള്ള മൂന്നുനാലുവർഷത്തേക്കു സൂര്യന്റെ തീവ്രത വർധിക്കുന്ന നിലയിലായി. ഇതിന്റെ പരിണതഫലം മൺസൂണിന്റെ കുറവും കൊടുംവരൾച്ചയ്ക്കുള്ള സാധ്യതയുമാണ്. സൂര്യനിൽനിന്നുള്ള വികിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിലെ ഏറ്റക്കുറച്ചിലുകളാണ് അന്തരീക്ഷമാറ്റങ്ങൾക്കു കാരണം.

ഉയർന്ന ഉഷ്ണതരംഗം കൃഷിനാശത്തിനും ഉയർന്ന വൈദ്യുതിയുപയോഗത്തിനും കാരണമാകുന്നു. ഉഷ്ണതരംഗം കനത്ത പ്രതിസന്ധികളിലേക്കു രാജ്യത്തെ നയിക്കും. കൃഷിനാശം, ധാന്യങ്ങളുടെ വിലക്കയറ്റം, ജൈവ ഇന്ധനങ്ങളുടെ ലഭ്യതക്കുറവ്, വൈദ്യുതി ഉത്പാദനക്കുറവ്, ജലക്ഷാമം തുടങ്ങിയ ആഗോളപ്രതിസന്ധികൾ ഉഷ്ണതരംഗംമൂലം സംഭവിക്കാം. ഭാവിയിൽ നാം നേരിടേണ്ടിവരുന്ന പരിഹാരമില്ലാത്ത ദുരന്തമാണിവ.

**പരിഹാരം പ്രകൃതിസംരക്ഷണമാണ്**

പറ്റാവുന്നത്ര മരങ്ങൾ വച്ചുപിടിപ്പിക്കുകയും നികത്തിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിച്ചുനിർത്തുകയും കൃഷിസ്ഥലങ്ങൾ നശിപ്പിക്കാതിരിക്കുകയും വേണം. ഭാവിയിലെ കാലാവസ്ഥാവ്യതിയാനങ്ങൾ മുന്നിൽക്കണ്ട് സർക്കാർതലത്തിൽ പരിഹാരങ്ങൾ ചെയ്തുതുടങ്ങണം.

ചിട്ടയോടെയുള്ള ജീവിതചര്യകൾകൊണ്ടുമാത്രമേ ചൂടിനെ അതിജീവിക്കാൻ സാധിക്കുകയുള്ളൂ. വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണപാനീയങ്ങൾ ശീലമാക്കുക. ക്ഷീണം വരാതിരിക്കാൻ നാരങ്ങാവെള്ളം, സംഭാരം തുടങ്ങിയവ കുടിക്കുക. അയഞ്ഞതും ഇളംനിറത്തിലുള്ളതുമായ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക. വെയിലത്തു ജോലി ചെയ്യുന്നവർ തൊപ്പി ഉപയോഗിക്കുക, വെയിലത്തു യാത്ര ചെയ്യുന്നവർ, കുട, സൺഗ്ലാസ്, വെള്ളം എന്നിവ കരുതുക.

മനുഷ്യനെപ്പോലെതന്നെ കരുതൽ മൃഗങ്ങൾക്കും കൊടുക്കണം, കുടിവെള്ളം എപ്പോഴും കരുതിവയ്ക്കണം. കനത്ത വേനലിൽ മൃഗങ്ങളെ മേയാൻ വിടുന്നവർ വളരെ സൂക്ഷിക്കുക.

പക്ഷികൾക്കു വെള്ളം കരുതിവയ്ക്കുക. വീടിനു പുറത്ത് ഇപ്പോഴും കുറച്ചു വെള്ളം കിളികൾക്കും ലഭ്യമാകുന്നരീതിയിൽ വയ്ക്കുക.

പ്രകൃതിയോടുള്ള മനുഷ്യന്റെ മോശമായ സമീപനം തന്നെയാണ് നാം ഇന്നനുഭവിക്കുന്ന പലതരത്തിലുള്ള കാലാവസ്ഥാവ്യതിയാനങ്ങൾക്കു കാരണം. മുറിച്ചുമാറ്റുന്ന മരങ്ങൾക്കു പകരം പുതിയവ പരമാവധി വച്ചുപിടിപ്പിക്കേണ്ടത് ഓരോ മനുഷ്യന്റെയും കടമയാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.
- കിടപ്പുരോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റു രോഗങ്ങൾമൂലം അവശതയനുഭവിക്കുന്നവർ തുടങ്ങിയവർ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- ഇളംനിറങ്ങളിലുള്ള അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നതു നന്ന്.
- ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക.
- യാത്രാവേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നതു നന്ന്.
- നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതളപാനീയങ്ങൾ തുടങ്ങിയവ ഒഴിവാക്കുക.
- കുടിക്കുന്ന വെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം ഉത്തമം.
- കുട്ടികൾക്കു ധാരാളം വെള്ളം നൽകുക.
- പാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധമായിരിക്കണം.
- പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവ ഗുണപ്രദമാണ്.
- കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്കുചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.
- സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലിൽനിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. ധരിച്ചിരിക്കുന്ന കട്ടികൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക. തണുത്ത വെള്ളംകൊണ്ട് ശരീരം തുടയ്ക്കുക. ധാരാളം പാനീയങ്ങൾ കുടിക്കാൻ നൽകുക. ആരോഗ്യസ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടായാലോ ആശുപത്രിയിലെത്തിച്ചു ചികിത്സ ഉറപ്പുവരുത്തുക. ■

## ശ്രേഷ്ഠമലയാളം

# കണ്ണോക്ക്



ഡോ. ഡേവിസ് സേവ്യർ

**“ഞാ**ൻ ഒരു കണ്ണോക്കിനു പോയതാണ്.” ചില ദിക്കിൽ ആളുകൾ ഇങ്ങനെ പറയാറുണ്ട്. മരിച്ച ആളിനെയും അയാളുടെ ബന്ധുക്കളെയും ചെന്നു കാണൽ എന്നാണ് ആ പദത്തിന്റെ സാമാന്യമായ അർഥം. ഇഴവ് എന്നാൽ മരണം. അത് അന്വേഷിക്കലാണ് കണ്ണോക്ക്. കൺ+നോക്ക്, സന്ധിയിൽ കണ്ണോക്ക് എന്നായിത്തീരുന്നു. പൂർവപദത്തിന്റെ വർഗത്തിലേക്ക് (ചിലപ്പോൾ അതേ വർണമാകാം.) ഉത്തരപദാദിയിൽ വരുന്ന വ്യഞ്ജനം മാറാം. അപ്പോൾ കൺ+നോക്ക് ആദ്യം കൺ + ണോക്ക് എന്നും പിന്നീട് കണ്ണോക്ക് എന്നുമാകുന്നു (First visit to a morning house).

കണ്ണോക്ക് എന്ന പദത്തിന്റെ രൂപഭേദമാണ് കണ്ണാക്ക് എന്ന് ശബ്ദതാരാവലിയും മലയാള മഹാനിഘണ്ടുവും രേഖപ്പെടുത്തുന്നു. മരിച്ചവരുടെ ശേഷക്കാരെ ദുഃഖമന്വേഷിച്ചു ചെന്നു കാണുക; മരണം അന്വേഷിച്ചു ചെല്ലുക എന്നിങ്ങനെ അർഥങ്ങളും നിർദേശിച്ചിട്ടുണ്ട്. കണ്ണാക്കിനെ രൂപഭേദം മാത്രമായി ഗണിക്കാതെ മറ്റൊരുവിധം നിഷ്പത്തി കണ്ടെത്താൻ പ്രൊഫ. ആദിനാട് ഗോപി ശ്രമിക്കുന്നു. “മരിച്ചവരുടെ വീട്ടിൽ ഉറ്റവർ ചെന്നാൽ അനുശോചിക്കുന്നത് കരഞ്ഞും പറഞ്ഞും(കൺ + നാക്ക്) വേണം എന്ന കുറെക്കൂടി വൈകാരികസത്ത ഈ കണ്ണാക്കിനുണ്ട്. ഇത്തരം വാചകങ്ങളുടെ മറ്റൊരു പ്രത്യേകത ഇവ സമൂഹത്തിന്റെ ഒരു പ്രത്യേക വിഭാഗം ആളുകൾ സംസാരിക്കുന്നു എന്നതും പല ജനസമുദായങ്ങളിൽ ആശയവ്യത്യസ്തതയോടെ ഇവ ഉപയോഗിക്കുന്നു എന്നതുമാണ്”* അങ്ങനെയെങ്കിൽ കണ്ണോക്കിന്റെ വികൃതരൂപമാണ് കണ്ണാക്ക് എന്നു കണക്കാക്കാതെ ഭേദാർഥങ്ങളെ സൃഷ്ടിക്കുന്ന രണ്ടുവാക്കുകളായി മനസ്സിലാക്കിയാൽ ആശയവ്യക്തതയ്ക്കു തിളക്കം കൂടും.


* ഗോപി, ആദിനാട്, പ്രൊഫ. മലയാളം (ശൈലി പ്രയോഗം, ലിപി) രചന ബുക്സ്, കൊല്ലം, 2009, പുറം–57.

# മിഠായി

ബാലനോവൽ **8** രാമപുരം മണി

**ശി**വശങ്കരൻസാറിന്റെ വീട്ടിൽ സന്തോഷം പൂത്തിരിയായി കത്തിച്ചിതറുകയാണ്. കാരണം എന്തെന്നല്ലേ... അവിടെ ഗൾഫുകാരൻ വിനീതു വന്നിട്ടുണ്ട്. ശ്രീകാന്തിന്റെ ഭാര്യ മായയുടെ ചേട്ടൻ വിനീത്. അവിവാഹിതനാണ്. കല്യാണം കഴിക്കാൻ മാതാപിതാക്കൾ അവനെ നിർബന്ധിക്കാറുണ്ട്.

സമയമായില്ല എന്നു പറഞ്ഞ് വിനീത് ഒഴിഞ്ഞുമാറിക്കളയും.



"ഇനിയെന്നാ സമയമാകുന്നത്... മൂക്കിൽ പല്ലു മുളയ്ക്കുമ്പോഴോ..." വിനീതിന്റെ അമ്മ തമാശയായി ചോദിക്കും.

"ഞാൻ കുറച്ചുനാൾ സമാധാനമായിട്ടൊന്നു ജീവിച്ചോട്ടെ അമ്മേ. പിന്നെ മതി കല്യാണം."

പിന്നെ അവനോടു കൂടുതലൊന്നും പറയാറില്ല.

"അങ്കിളേ, എവിടെ വാച്ച്?" അച്ചു അവന്റെ അടുത്തുകൂടി.

"തരാം മോനേ."

''അങ്കിളേ, എനിക്കെന്താ കൊണ്ടുവന്നിരിക്കുന്നെ.'' ആവണി വിനീതിനെ പറ്റിക്കൂടി നിന്നു ചോദിച്ചു.

''ആവണിക്കുട്ടിക്ക് ഒരു ജോഡി ഡ്രസ്സ്. സൗന്ദര്യവർധക സാധനങ്ങൾ, പൗഡർ, സോപ്പ്, ഫോറിൻ സാധനങ്ങൾ അങ്ങനെയങ്ങനെ ഒരുപാടിനങ്ങളുണ്ട്."

"എനിക്കീന്തപ്പഴം മതി ചേട്ടാ." മായ പറഞ്ഞു.

"അളിയനോ?" ശ്രീകാന്തിനോടാണ്.

"നീ എന്തു തന്നാലും എനിക്കു സന്തോഷം." ശ്രീകാന്ത് പറഞ്ഞു.

"അച്ഛനും അമ്മയ്ക്കും ഒന്നും വേണ്ടേ."

"വേണം വേണം." ശിവശങ്കരൻസാറു പറഞ്ഞു.

''മറ്റവൻ ഒരെണ്ണം.'' മദ്യത്തിന്റെ കാര്യമാണു വിനീത് പറയുന്നത്.

"വിനീതേ, അച്ഛൻ മദ്യപാനമൊക്കെ നിർത്തി."

"ശരിയാ വിനീതേ, ഞാനതൊക്കെ കംപ്ലീറ്റുനിർത്തി.''

"ശരി. ഓക്കെ. അതു വിട്ടേരെ." വിനീത് വിഷയം മാറ്റി.

ശ്രീകാന്ത് പറഞ്ഞതു ശരിയാണ്. ശിവശങ്കരൻസാറു മദ്യപിക്കുമായിരുന്നു. രണ്ടുവർഷമായി നിർത്തിട്ട്. അതു തന്റെ ആരോഗ്യത്തിനു പറ്റിയതല്ലെന്ന് അങ്ങേർക്കു തോന്നിയിരിക്കണം.

ചക്കരക്കുട്ടൻ അച്ചുവിന് ഒന്നാന്തരമൊരു കാർട്ട്സ് വാച്ച്. ആവണിക്കും അച്ചുവിനും വേറേയും കളിപ്പാട്ടങ്ങൾ, ഉടുപ്പുകൾ. മായയ്ക്കും ശ്രീകാന്തിനും ഡ്രസ്സുകൾ. അമ്മയ്ക്കും അച്ഛനും പുതപ്പുകൾ, മറ്റു വസ്തുക്കൾ.

"ഇത്രയും സാധനങ്ങൾ കെട്ടിവലിച്ച് ഡ്യൂട്ടിയടച്ച് കൊണ്ടുവരേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ വിനീതേ..."

ശിവശങ്കരൻസാറു ചോദിച്ചു.

"ഇതൊക്കെ ഒരു സന്തോഷമല്ലേ അച്ഛാ." വിനീത് ചിരിച്ചു.

"മായേ ഭക്ഷണമൊന്നുമില്ലേ വയർ കത്തുന്നു..."

"ഇതാ ചേട്ടാ ഊണു വിളമ്പി. എല്ലാവരും വരിൻ."

മായ പറഞ്ഞു.

കൈകഴുകി ഡൈനിങ് ടേബിളിനു മുമ്പിലിരുന്നപ്പോൾ വിനീത് ചോദിച്ചു:

"എന്താ മായേ സ്പെഷൽ..."

"ചേട്ടനിഷ്ടപ്പെട്ട കരിമീൻ പൊരിച്ചത്, സാമ്പാറ്, ചെറുപയർ തോരൻ, പപ്പടം കാച്ചിയത്."

"ഓ കേട്ടപ്പോൾത്തന്നെ വയർ നിറഞ്ഞു. എല്ലാം എനിക്കിഷ്ടപ്പെട്ടവ തന്നെ. ഗൾഫിലെ ഭക്ഷണം എനിക്കു മടുത്തു."

"ലീവ് എത്ര നാളുണ്ട് വിനീതേ." ഊണു കഴിക്കുന്നതിനിടെ ശിവശങ്കരൻസാറു ചോദിച്ചു.

"നാലുമാസം. അതിനിടെ ശരീരമൊക്കെ ഒന്നു നന്നാക്കണം."

"അതിൽ രണ്ടുമാസം ഇവിടെ കൂടിക്കോ. ഇഷ്ടഭക്ഷണം കഴിച്ച് ശരീരം വണ്ണിപ്പിക്കാം."

"നോക്കാം. അച്ഛാ."

എല്ലാവരും സംസാരിച്ചു സന്തോഷത്തോടെ ഊണു കഴിച്ചു.

* * *

ഇതിനിടെ ശിവശങ്കരൻ സാറിന്റെ സ്നേഹിതൻ വാരിജാക്ഷന്റെ വീട്ടിൽ ഭയങ്കരബഹളം. അമ്മായിയമ്മയും മരുമകളും തമ്മിലാണ്. അജിത പിണങ്ങി അവളുടെ വീട്ടിൽപ്പോയി. വാരിജാക്ഷൻസാറ് രമ്യതപ്പെടുത്താൻ നോക്കി. പറ്റിയില്ല. തന്റെ ഭാര്യ വാസന്തി അമ്പിനും വില്ലിനും അടുക്കില്ല. പാവം സുഗതൻ ഈ വിവരമറിഞ്ഞ് ഒന്നും പ്രതികരിച്ചില്ല. അജിത അവളുടെ വീട്ടിൽ നിൽക്കട്ടെ. താൻ ലീവുള്ളപ്പോൾ അങ്ങോട്ടുപോകും. ഒറ്റയ്ക്കാവുമ്പോൾ അമ്മ പഠിച്ചോളും. അയാൾ അങ്ങനെ സമാധാനിച്ചു.

"എങ്കിലും വാസന്തീ നീ ചെയ്തത് അക്രമമായിപ്പോയി."

"എന്തക്രമം. മരുമകൾ പിണങ്ങിപ്പോയതാണോ?"

"അതുതന്നെ. നീയാ പാവത്തിനെ വഴക്കുണ്ടാക്കി ഓടിച്ചു." വാരിജാക്ഷൻസാറു കയർത്തു.

''അവളെനിക്കൊരു കൊച്ചിനെ പ്രസവിച്ചിട്ടുതരട്ടെ. എന്നാലേ ഞാനവളോട് അടങ്ങൂ." വാസന്തി പറഞ്ഞു.

"എടീ അതിപ്പോൾ അവളുടെ കുറ്റമാണോ?"

"അവളുടെ വീട്ടുകാർ അറിഞ്ഞുകൊണ്ടു നമ്മടെ മകനെ പറ്റിച്ചു. ആ മച്ചിയെ കൊച്ചിനെക്കൊണ്ടു കെട്ടിച്ചു. അവനൊരു പാവമായതുകൊണ്ട് എല്ലാം സഹിക്കുന്നു." വാസന്തി മൂക്കു ചീറ്റി കരയാനുള്ള പുറപ്പാടിലാണ്.

"പോട്ടെ വാസന്തീ, നമുക്കെല്ലാത്തിനും വഴിയുണ്ടാക്കാം. നീ ചോറു വിളമ്പ്. വല്ലാതെ വിശക്കുന്നു."

"വന്നിരിക്ക്. ഈ തിന്നണമെന്നുള്ള വിചാരംമാത്രമല്ലേയുള്ളൂ നിങ്ങക്ക്... ഒരു പോലീസുകാരൻ വന്നിരിക്കുന്നു..."

"എടീ... പോലീസുകാരനെ കുറ്റം പറഞ്ഞാലുണ്ടല്ലോ..."

വാരിജാക്ഷൻസാർ കൈകൾ കൂട്ടിത്തിരുമ്മി ദേഷ്യം കടിച്ചമർത്തി. ഭാഗ്യത്തിനു പിന്നെ വാസന്തിയൊന്നും മിണ്ടിയില്ല. ഹെഡ് കോൺസ്റ്റബിൾ ഊണുകഴിഞ്ഞ് ഒരേമ്പക്കംവിട്ടെണീറ്റു.

ബെഡ്റൂമിൽച്ചെന്നിരുന്ന് ഒരു സിഗരറ്റ് കത്തിച്ചു വലിച്ചു. ചീത്തസ്വഭാവമാണിത്. തുടരുന്നില്ല. സാറ് സിഗരറ്റ് ആഷ്ട്രേയിൽ കുത്തിക്കെടുത്തി. ഇത്തരം ദുശ്ശീലങ്ങൾ ഇനി ഈ വീട്ടിൽ ആവർത്തിക്കുന്നില്ല. അദ്ദേഹം ശപഥം ചെയ്തു.

മദ്യപാനം, പുകവലി ഇല്ലേയില്ല.

(തുടരും)

---

31 കുടുംബവിളക്ക്

# ഫോൺ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**ഫോ**ണിനെക്കുറിച്ചുള്ള അടിസ്ഥാന ബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. വായുവും വെള്ളവും പോലെ മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി മൊബൈൽ ഫോൺ മാറിയിരിക്കുന്ന ഫോൺ വിപ്ലവകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഒരു മൊബൈൽഫോണെങ്കിലുമില്ലാത്ത കുടുംബങ്ങൾ വിരളമാണ്. മനുഷ്യൻ ഒരു ഫോൺതീനിയായി മാറിക്കഴിഞ്ഞു. അപ്പനമ്മമാർ അടുത്തില്ലെങ്കിലും കുട്ടികൾക്കു ഫോണൊരെണ്ണം ഒപ്പമുണ്ടാകണം. മുറ്റത്ത് കൂട്ടുകാരുമൊത്ത് ഓടിക്കളിക്കേണ്ടവർ ഇന്ന് ഒറ്റയ്ക്കിരുന്നുള്ള കളികളുമായി അടച്ചിട്ട മുറികൾക്കുള്ളിലായി. ക്ലാസിലും ദൈവാലയത്തിലും ഓഫീസിലുമൊക്കെ ഈ ഫോൺ സത്വത്തിന്റെ വായിൽക്കുടുങ്ങിക്കഴിയുകയാണ് പലരും. നൈറ്റിൽ സുഖമായി ഉറങ്ങിയിരുന്നവർക്ക് ഇന്ന് നെറ്റിൽ ഉറക്കമില്ലാതായി. ഉണ്ണാനുമുടുക്കാനും ഒന്നുമില്ലെങ്കിലും ഫോണിൽ ബാലൻസുണ്ടാകണമെന്നത് നിർബന്ധമാണ്. ഇരയ്ക്കുവേണ്ടി വലകെട്ടി കാത്തിരിക്കുന്ന ചിലന്തിയെപ്പോലെയാണ് കൈയിലെ ചെറിയ ഫോൺ. വിവേകപൂർവം കൈകാര്യം ചെയ്തില്ലെങ്കിൽ കുടുംബത്തിന്റെ തകർച്ചയ്ക്ക് അതൊരെണ്ണം ധാരാളം മതി. അതുകൊണ്ട് ഫോണിന്റെ ഉപയോഗത്തിൽ പരസ്പരമുള്ള ശ്രദ്ധ കുടുംബങ്ങളിൽ ഉണ്ടാകണം. എന്തിനും ഏതിനും ചില നിയന്ത്രണങ്ങൾ അനിവാര്യംതന്നെ.

മനുഷ്യനാണ് ഏതിനെയും നല്ലതും ചീത്തയുമാക്കുന്നത്. നാം നിയന്ത്രിക്കേണ്ട വസ്തുക്കൾ നമ്മെ നിയന്ത്രിക്കാൻ തുടങ്ങുമ്പോൾ ജീവിതത്തിൽ വളരാനല്ല, വളയാനേ അവ കാരണങ്ങളാകൂ. ഫോൺ അത്യാവശ്യംമാത്രമായിരിക്കണം. അനാവശ്യവും ആർഭാടവുമാകരുത്. ഉത്തരവാദിത്വത്തോടെ അതിനെ ഉപയോഗിക്കണം. മിതത്വം പാലിക്കുന്നതു നന്ന്. ഇക്കാര്യത്തിൽ മുതിർന്നവർ മാതൃകയാകണം. പത്താം ക്ലാസ് ജയിക്കുന്നതുവരെ കുട്ടികൾക്കു സ്വന്തമായി ഫോൺ കൊടുക്കാതിരിക്കുന്നതാണ് ഉത്തമം. ഒരേ വീട്ടിലുള്ളവർ ഫോണിലൂടെയല്ല പരസ്പരം കാണേണ്ടതും മിണ്ടേണ്ടതും. ഫോൺസന്ദേശങ്ങളല്ല, മുഖമുഖമുള്ള സംസാരങ്ങളാണ് കുടുംബങ്ങളിൽ വേണ്ടത്. രാപകൽ ഭേദമില്ലാതെ ഫോണിൽ പാഴാക്കുന്ന സമയത്തിന് ഒരിക്കൽ നാം പിഴ ചൊല്ലേണ്ടതായിവരും. നന്മകളൊന്നും ഇന്റർനെറ്റിനും ഫോണിനും ഇല്ല എന്നല്ല സമർഥിക്കുന്നത്. അറിവിനും, അടുപ്പത്തിനുമൊക്കെ ഉപകരിക്കുന്ന ഒത്തിരി കാര്യങ്ങൾ അവയിലെല്ലാമുണ്ട്. പക്ഷേ, ആ നന്മകളെ തിന്മകൾ തിന്നുകളയാൻ നാം അനുവദിക്കരുത്. എന്തെങ്കിലുമല്ല, ചന്തമുള്ള എന്തെങ്കിലും എഴുതാനുള്ളതാണ് ഫേസ്ബുക്ക്/ വാട്ട്സാപ്പ് താളുകൾ. വേണ്ടെന്നു വയ്ക്കുകയല്ല, വേണ്ടവിധം ഉപയോഗിക്കുകയാണു വേണ്ടത്. ഫോൺ കുടുംബത്തിനുപദ്രവകാരിയല്ല, ഉപകാരിയായിരിക്കട്ടെ. ഓർക്കണം, കൈയിലിരിക്കുന്ന ഫോണല്ല, കൈയിലിരിപ്പാണ് സ്മാർട്ടാക്കേണ്ടത്.

*'നമുക്ക് ശരി എന്തെന്നു പരിശോധിക്കാം. യഥാർഥ നന്മ വിവേചിച്ചറിയാം.' (ജോബ് 34:4)*

---

കവിത

പ്രൊഫ. തോമസ് കണയംപ്ലാവൻ

# അഞ്ചിതൾപ്പൂവ്

പ്രത്യൂഷകാലം; പാരിജാതത്തിൻ കുടക്കീഴിൽ
മുറ്റത്തു കാറ്റും വെയ്‌ലുമേറ്റു ഞാനിരിക്കവേ,
അഞ്ചിതൾപ്പൂവെൻ മുമ്പിൽ മിഴികൾ തുറക്കുന്നു;
സഞ്ചിതകുതുകം ഞാനതു കണ്ടിരിക്കുന്നു!
കാട്ടുപൂവാണെന്നാലും നാട്ടുപൂവിനെക്കാളും
കാന്തിയും പ്രസാദവും കാണുന്നൂ ദലങ്ങളിൽ
മൂളിക്കൊണ്ടണയുന്നു ചെറിയ തേനീച്ചകൾ;
മൂളക്കം ചെവികളിൽ മധുരഗാനാലാപം!
ശബളാഭമാം ശലഭങ്ങളിങ്ങെത്തുംമുമ്പേ
മധുസംഭരിക്കുവാനെത്തിയിത്തേനീച്ചകൾ;
നിത്യവിസ്മയം ജന്മവാസന; തേനാടകൾ
നിറയുംവരെപ്പൂന്തേനവ സംഭരിക്കുന്നു!
മർത്ത്യനു സ്വാദിഷ്ഠമാം ഭക്ഷണമായിട്ടതു
ഹൃദ്യമാം വിരുന്നിന്റെ ഭാഗമായ് ഭവിക്കുന്നു.
എന്തു വിസ്മയ,മാരുണ്ടോർക്കുകിൽ നിഗൂഢമാം
ബന്ധുരപ്രപഞ്ചത്തിൻ കുരുക്കൊന്നഴിക്കുവാൻ
താണുകൂപ്പിടാം നമുക്കീവിശ്വവിധാനത്തെ
താങ്ങിനിർത്തീടും പരാശക്തിതൻ തിരുമുമ്പിൽ!

# പാതിരാവും പനിനീർക്കാറ്റും



കഥ

ജോർജ് നെയ്യശ്ശേരി

**രാ**ത്രി ഓട്ടം പോവുക എന്നതു വിവേകിനെ സംബന്ധിച്ചു പുതിയ കാര്യമല്ല. പക്ഷേ, കാട്ടുമൃഗങ്ങളുടെ ആക്രമണം പതിയിരിക്കുന്ന പാതയിലൂടെയുള്ള രാത്രിയാത്ര ആദ്യമാണ്.

കുടുംബത്തിലെ പ്രാരബ്ധങ്ങൾ ഓർത്താണ് പലപ്പോഴും റിസ്കുള്ള ഓട്ടം ഏല്ക്കുന്നത്.

വിജനപാതയിൽ ഡ്രൈവറെ വധിച്ചു കാറുമായി കടന്ന നിരവധി സംഭവങ്ങളുണ്ട്. അതൊന്നും ഓർമിക്കാതെയല്ല ഓട്ടം പോവുന്നത്.

റോഡിനിരുവശവും നിബിഡവനങ്ങളാണ്. ചീവീടുകളുടെ ശബ്ദം ഒഴിച്ചാൽ നിശ്ശബ്ദതയുടെ ആവരണത്തിലാണ് ഹൈവേ. വല്ലപ്പോഴും ചില വാഹനങ്ങൾ, അതും ഭാരവണ്ടികളാണു കടന്നുപോവുന്നത്.

കോടമഞ്ഞു കാരണം, പാത വ്യക്തമായി കാണാൻ സാധിക്കില്ല. ആന നില്പുണ്ടെങ്കിലും അടുത്തുചെല്ലുമ്പോഴേ അറിയൂ. ഒരു ഭയം വന്നു ഗ്രസിക്കുന്നത് വിവേക് അറിഞ്ഞു. അയാൾ സാവധാനം ഹെയർപിൻ ബെൻഡുകൾ ഇറങ്ങിക്കൊണ്ടിരുന്നു.

വെള്ളസാരിയുടുത്ത ഒരു യുവതി കാറിനു കൈകാണിച്ചു. അവളുടെ ഒക്കത്തൊരു കൈക്കുഞ്ഞുമുണ്ട്, ഈ പാതിരാത്രിക്ക് ഇവൾ എവിടെനിന്നു വന്നു?

യക്ഷിയിലും പ്രേതത്തിലുമൊന്നും വിശ്വാസമില്ലെങ്കിലും വിവേക് പെട്ടെന്ന് ഓർത്തുപോയി.

അയാൾ കാറിനല്പം വേഗം കൂട്ടി.

ഇനി ഏതെങ്കിലും ട്രാപ്പിലകപ്പെടുത്താൻ ഗൂഢസംഘം അവളെ ഇറക്കിയതായിരിക്കുമോ? അവർ എവിടെയെങ്കിലും മറഞ്ഞിരിപ്പുണ്ടാവുമോ?

ഏതായാലും കാർ നിർത്താതിരുന്നതു നന്നായി.

ആ മാലാഖക്കുഞ്ഞിനെ നീ ശ്രദ്ധിച്ചോ? നിസ്സഹായാവസ്ഥയിൽ അകപ്പെട്ട അമ്മയെയും കുഞ്ഞിനെയും കണ്ടിട്ടും കാണാതെ പോന്ന നീ മനുഷ്യനാണോ? അവർ ഏതെങ്കിലും കശ്മലൻമാരുടെ കൈയിൽ അകപ്പെട്ടാലോ? കാട്ടുമൃഗങ്ങളും നാട്ടുമൃഗങ്ങളുമുള്ള പാതയിൽ നീ അവരെ ഉപേക്ഷിച്ചു പോരരുതായിരുന്നു. നാളെ അവരുടെ മരണവാർത്തയാണ് നിന്നെത്തേടിയെത്തുന്നതെങ്കിലോ?

ചോദ്യങ്ങൾ വിവേകിനെ വീർപ്പുമുട്ടിച്ചു.

അയാൾ സാഹസികമായി വണ്ടി റിവേഴ്സെടുത്തു.

എന്തും വരട്ടെ.

വീട്ടിൽനിന്ന് ഇറങ്ങുംമുമ്പ് ഭാര്യ എന്നും അയാളുടെ നെറ്റിയിൽ കുരിശുവരയ്ക്കാറുള്ളത് അയാൾ ഓർമിച്ചു. വണ്ടിക്കുള്ളിലെ ഉണ്ണിയേശുവിന്റെ കൊച്ചുരൂപം അയാളെ നോക്കി മന്ദഹസിച്ചു.

അയാൾ തിരിച്ചുചെല്ലുമ്പോഴും അവൾ അവിടെത്തന്നെ നിൽക്കുന്നുണ്ടായിരുന്നു. കുഞ്ഞ് അപ്പോൾ കരയുന്നുണ്ടായിരുന്നു.

"എവിടെപ്പോകാനാ?"

വിവേക് ഗ്ലാസ് താഴ്ത്തി ചോദിച്ചു.

"ചേട്ടാ, ഡോർ തുറക്കു വേഗം. ഞാൻ കേറിയിട്ടു പറയാം." അവൾ ഭയചകിതയാണെന്ന് ശബ്ദവും മുഖവും വിളിച്ചോതി.

അയാൾ ഡോർ തുറന്നു. അവൾ ബാക്കിലെ സീറ്റിൽ കുഞ്ഞിനെയുംകൊണ്ടു കയറി.



വിവേക് വണ്ടി തിരിച്ച് കഴിയുന്നിടത്തോളം വേഗമാർജിക്കാൻ ശ്രമിച്ചു.

അവളുടെ മുഖവും സാരിയും വിയർപ്പിൽ കുതിർന്നിരുന്നു. അവൾക്ക് ഏറിയാൽ മുപ്പത്, അതിൽക്കൂടുതൽ മതിക്കില്ല. അവൾ സുന്ദരിയാണ്.

അവൾ സാരിത്തലപ്പുകൊണ്ട് വിയർപ്പൊപ്പിയതിനുശേഷം കുഞ്ഞിനു മുലപ്പാൽ കൊടുത്തു. കുഞ്ഞ് കരച്ചിൽ നിറുത്തി. കുഞ്ഞിന് ആറുമാസത്തിൽ കൂടുതൽ പ്രായമായിട്ടില്ല.

"ചേട്ടൻ പോയിട്ടെന്താ പിന്നെ തിരിച്ചുവരാൻ തോന്നിയത്?" അവൾ ചോദിച്ചു.

"അതുകൊള്ളാം. എനിക്ക് അങ്ങോട്ടു കുറച്ചു ചോദ്യങ്ങൾ ചോദിക്കാനുണ്ട്. അതിനുശേഷം നീ എന്നോടു ചോദ്യങ്ങൾ ചോദിച്ചാൽ മതി." വിവേക് നീരസത്തോടെ പ്രതിവചിച്ചു.

"നീ ആരാ.... നീയെന്താ ഈ പാതിരാത്രി കുഞ്ഞുമായി ഈ ആനക്കാട്ടിൽ?" ദേഷ്യമടങ്ങാതെ വിവേക് തിരക്കി.

"ഞാൻ അടുത്ത ടൗണിൽ ഇറങ്ങിക്കോളാം. ഇങ്ങോട്ടു കൂടുതല് ചോദ്യങ്ങളൊന്നും വേണ്ട."

അവളുടെ ശബ്ദത്തിന് ഒട്ടും മാർദവമില്ലായിരുന്നു.

വിവേക് കാർ നിർത്തി.

"നീ ആരാ എന്താണെന്ന് അറിഞ്ഞിട്ടേ പോവുന്നുള്ളൂ. പൊലീസ് പട്രോളിങ് ഉള്ള വഴിയാ ഇത്. നീ ആരാന്നു പൊലീസ് ചോദിച്ചാൽ ഞാനെന്തു പറയും? എന്റെ പൊന്നുപെങ്ങളേ, എന്നെ എന്തിനാ ചുറ്റിക്കുന്നത്. എനിക്കു ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമുള്ളതാ. പറ. ഒള്ള കാര്യം പറ. വരും വരായ്കകളെക്കുറിച്ചു ചിന്തിക്കാതെയാ ഞാൻ നിങ്ങളെ കാറിൽക്കയറ്റിയത്."

അവസാനവാചകം പറയുമ്പോൾ വിവേകിന്റെ ശബ്ദത്തിന് ഇടർച്ചയുണ്ടായി.

"സോറി ചേട്ടാ. ഞാൻ എല്ലാം പറയാം. ചേട്ടൻ ധൈര്യമായി വണ്ടിയെടുത്തോ... പൊലീസ് ചോദിച്ചാൽ ഞാൻ മറുപടി പറയാം. എന്നേം കുഞ്ഞിനേം രക്ഷിക്കാൻ വന്ന കാവൽമാലാഖയായിട്ടാ ഞാൻ ചേട്ടനെ കാണുന്നത്."

വിവേക് കാർ സ്റ്റാർട്ട് ചെയ്തു.

"ചേട്ടൻ അറിയാതെയാണെങ്കിലും എന്നെ എന്റെ പൊന്നു പെങ്ങളേ എന്നു വിളിച്ചു. അങ്ങനെ വിളിക്കാനായി എനിക്കു സഹോദരൻമാരില്ല. അപ്പനും അമ്മയും മരിച്ചുപോയി."

ഒന്നു തേങ്ങിയതിനുശേഷം അവൾ തുടർന്നു:

"പത്രങ്ങളിലും ടിവിയിലുമെല്ലാം മൂന്നുമാസംമുമ്പ് എന്റെയും കുഞ്ഞിന്റെയും ഫോട്ടോ വന്നിരുന്നു. ആന ചവിട്ടിക്കൊന്ന കർഷകൻ റെജിയുടെ ഭാര്യ ലൗലിയും കുഞ്ഞും എന്ന അടിക്കുറിപ്പോടെ."

കാറിനുള്ളിൽ മൂകത തളംകെട്ടി. ആ വാർത്ത കണ്ടതായി വിവേക് ഞെട്ടലോടെ ഓർമിച്ചു. രാത്രിയായതുകൊണ്ടാണ് ഇവളുടെ മുഖം തിരിച്ചറിയാൻ പറ്റാതെ വന്നത്.

"നല്ല കൃഷിക്കാരനായിരുന്നു റെജിച്ചേട്ടൻ. ഞാനും ചേട്ടന്റെ കൂടെ എല്ലാ പണിക്കും കൂടുമായിരുന്നു. മുമ്പൊക്കെ വല്ലപ്പോഴുമേ കാട്ടാന കൃഷിയിടത്തിൽ ഇറങ്ങുമായിരുന്നുള്ളൂ. ഈ വർഷം കൂടുതലായി.

അവൾ തേങ്ങിത്തേങ്ങി കരഞ്ഞു.

"റെജിച്ചേട്ടൻ ഉള്ളപ്പോ കാട്ടുമൃഗങ്ങളെ പേടിച്ചാ മതിയായിരുന്നു. ചേട്ടൻ മരിച്ചതിനുശേഷം നാട്ടിലെ അലമ്പുസെറ്റുകളേം പേടിക്കേണ്ടി വന്നു.

"വാറ്റുചാരായവും കഞ്ചാവും കിട്ടുന്ന സ്ഥലമാ. രാത്രിയാകുമ്പം വന്ന് കതകിൽ മുട്ടും. ഇന്നല്ലെങ്കിൽ നാളെ അവർ വരവു നിർത്തുമെന്നാ കരുതിയത്. പക്ഷേ, ഇന്നു രാത്രിയിലും അവർ വന്നു. വല്യ ബലമുള്ള കതകൊന്നുമല്ല. അതു തകർത്ത് അവർ അകത്തുകയറുമെന്നു കരുതി ഞാൻ കുഞ്ഞിനെയും എടുത്ത് പിന്നാമ്പുറത്തുകൂടി വനത്തിൽ കയറി ഓടി."

വനത്തിൽക്കൂടി കുറുക്കുവഴിയുണ്ട് റോഡിലേക്ക്. അവൻമാർ പിന്നാലെയുണ്ടെന്നോർത്ത് ജീവൻ കൈയിൽപ്പിടിച്ചാ ഓടിയത്. ആനയോ കടുവയോ പിടിച്ചു തിന്നെങ്കിൽ തിന്നട്ടെ എന്നു കരുതി.

അവൾ വീണ്ടും കരഞ്ഞു.

വിവേകിന് അവളെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കുമെന്ന് അറിയില്ലായിരുന്നു.

"ഏതെങ്കിലും നല്ല മനുഷ്യന്റെ വണ്ടിയേൽ കേറാൻ പറ്റണേ എന്ന പ്രാർഥനയേ ഉണ്ടായിരുന്നുള്ളൂ. ചേട്ടൻ നിറുത്താതെ പോയി. വേറേം ഒന്നുരണ്ടു വണ്ടികൾ വന്നു. ആരും നിറുത്തിയില്ല. ചേട്ടന്റെ വണ്ടി തിരിച്ചുവരുന്നതാണെന്ന് ആദ്യം തോന്നിയില്ല. എങ്ങനെയുള്ളവന്മാരാ വണ്ടിയേൽ കേറ്റിക്കൊണ്ടുപോവുന്നതെന്ന് അറിയില്ലല്ലോ. അതുകൊണ്ടാ ചേട്ടനോട് ആദ്യം ദേഷ്യത്തിലൊക്കെ സംസാരിച്ചത്."

"ചേട്ടനെന്താ ഒന്നും മിണ്ടാത്തത്?" അവൾ ചോദിച്ചു.

"ഞാൻ ലൗലി പറയുന്നതു കേട്ടിരിക്കയല്ലേ. എന്താ പറയേണ്ടതെന്ന് എനിക്കറിയില്ല."

അയാളുടെ വാക്കുകളിൽ ആർദ്രത നിറഞ്ഞിരുന്നു.

"ചേട്ടൻ വരാൻ വൈകിയിരുന്നെങ്കീ... ഞാൻ തിരിഞ്ഞുനടക്കാൻ ഭാവിക്കുമ്പഴാ ചേട്ടന്റെ കാറിന്റെ വെളിച്ചം കണ്ടത്. ഏതായാലും ഇതുംകൂടി നോക്കാമെന്നു വച്ചു. ഈ റോഡിന്റെ അപ്പുറത്തെ വളവിൽ ഒരു കൊക്കയുണ്ട്. ചെകുത്താൻകൊക്കയെന്നാ അതിന്റെ പേര്. അവിടേക്കു ചാടാനായിരുന്നു." അത്രയും പറഞ്ഞവൾ വിങ്ങിവിങ്ങിക്കരഞ്ഞു.

വിവേക് അറിയാതെ ബ്രേക്കിൽ കാലമർന്നു.

ആത്മസംഘർഷംകൊണ്ട് അയാൾ സ്റ്റീയറിങ്ങിലേക്കു തല ചേർത്തിരുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞുവന്നു.

"ഈ മാലാഖക്കുഞ്ഞിനെ മരണത്തിനു വിട്ടുകൊടുക്കാൻ നിനക്കെങ്ങനെ തോന്നി? ഓ! അതിപ്പം ട്രെൻഡാണല്ലോ. ഈ ലോകജീവിതം കുഞ്ഞുങ്ങൾക്കു ദുരിതം സമ്മാനിക്കുമല്ലോ. കഷ്ടം! ഒരമ്മയ്ക്ക് എങ്ങനെ ഇങ്ങനെ ചിന്തിക്കാൻ പറ്റുന്നു?"

അവൾ തേങ്ങിയതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല.

തൊടുപുഴയിലെത്തിയപ്പോൾ ലൗലി അയാളോടു വണ്ടി നിർത്താൻ ആവശ്യപ്പെട്ടു.

"നീ കുഞ്ഞിനേംകൊണ്ട് എങ്ങോട്ടു പോവും?" അയാൾ ചോദിച്ചു.

"എങ്ങോട്ടെങ്കിലും. ചേട്ടൻ ഇത്രടം കൊണ്ടെത്തിച്ചതിനു നന്ദി." അവളുടെ വാക്കുകളിൽ നിറഞ്ഞ കൃതജ്ഞത ഉണ്ടായിരുന്നു. അയാൾ വണ്ടി നിറുത്തിയില്ല.

"നമുക്കാദ്യം എന്റെ വീട്ടിലേക്കു പോകാം. എന്നിട്ടു കാര്യങ്ങൾ തീരുമാനിക്കാം." വിവേക് പറഞ്ഞു.

"അതു വേണ്ട ചേട്ടാ. ചേട്ടനൊരു നല്ല മനുഷ്യനാ. ഞാൻ ചേട്ടന്റെ വീട്ടിലേക്കു വന്ന് ചേട്ടന്റെ കുടുംബത്തിന്റെ സ്വസ്ഥത കെടുത്തുന്നില്ല. എത്ര നല്ല ഭാര്യയാണെങ്കിലും ഭർത്താവൊരു സ്ത്രീയെയും കുഞ്ഞിനെയും കൊണ്ട് വീട്ടിലേക്കു വരുന്നത് അംഗീകരിക്കില്ല. ആളുകൾ പല കഥകളും മെനഞ്ഞെന്നിരിക്കും. അതുകൊണ്ട് ചേട്ടൻ എന്നെ ഇവിടെ ഇറക്കിയേര്."

ഇല്ല. നിനക്ക് എന്റെ ഭാര്യയെക്കുറിച്ച് അറിയാഞ്ഞിട്ടാ. ഞാൻ അറിയാതെയാണെങ്കിലും എന്റെ പൊന്നു പെങ്ങളേ എന്നു വിളിച്ചുപോയില്ലേ. ഇനി നീ നിന്റെ നാത്തൂൻ എങ്ങനെയുണ്ടെന്ന് അറിഞ്ഞിട്ടു പോയാൽ മതി."

അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. കൂടെ അവളും ചിരിച്ചു.

"എന്റെ മക്കൾക്ക് കുഞ്ഞിനെ കാണുമ്പം എന്തു സന്തോഷമായിരിക്കും. അതെനിക്ക് ആസ്വദിക്കണം. വീടിനടുത്തുള്ള കോൺവെന്റിൽ കൊണ്ടുപോകാം. അവിടെ ചില സംരംഭങ്ങളൊക്കെയുണ്ട്. നിനക്കവിടെ ജോലിക്കൊന്നും ബുദ്ധിമുട്ടുണ്ടാവില്ല. ആരുടെയും ശല്യമില്ലാതെ നിനക്കും കുഞ്ഞിനും കഴിയാനുള്ള സാഹചര്യം അവർ ഒരുക്കിത്തരും." സന്തോഷംകൊണ്ട് ലൗലിയുടെ കണ്ണുകൾ നിറഞ്ഞുവന്നു. അവൾ കുഞ്ഞിന്റെ നെറ്റിയിൽ മുഖം ചേർത്തു.

■

# ‘വർഷങ്ങൾക്കുശേഷം’ ലക്ഷ്യംതെറ്റിയോ?




വീയെൻ

മലയാളസിനിമയിലെ പുതിയ താരങ്ങൾ ശ്രീനിവാസന്റെ മക്കളെ കണ്ടുപഠിക്കണം, എത്ര എളിമയുള്ളവരാണ് അവർ എന്ന് അഭിപ്രായപ്പെട്ടത് സാക്ഷാൽ ബാലചന്ദ്രമേനോനാണ്. ശ്രീനിവാസന്റെ മക്കൾ എന്നാൽ വിനീത് ശ്രീനിവാസനും ധ്യാൻ ശ്രീനിവാസനും. ശരിയാണ്, അച്ഛന്റെ താരപ്പകിട്ടിന്റെയോ പണത്തിന്റെയോ ഹുങ്കോ ജാടയോ പൊതുവേദികളിൽ പരസ്യമായി പ്രകടിപ്പിക്കാത്തവരാണ് ഇരുമക്കളും. ഒരു സുഹൃത്തിന്റെ വാക്ക് കടമെടുത്തുപറഞ്ഞാൽ അഭിമുഖം തുടങ്ങുന്നതിന് പതിനഞ്ചു മിനിറ്റ് മുമ്പുതന്നെ വിനീത് വിനയം എടുത്തണിഞ്ഞിരിക്കും. ആരെയും വേദനിപ്പിക്കാതെയും സ്വയം പുകഴ്ത്താതെയും മറ്റുള്ളവരെ വിമർശിക്കാതെയും സൗമ്യതയോടെ ഇടപെടുന്ന വ്യക്തിത്വമാണ് വിനീതിന്റേത്. എന്നാൽ, ധ്യാൻ അങ്ങനെയല്ല. യൂട്യൂബ് ചാനലുകളിൽ ഏറ്റവും റീച്ചുള്ള അഭിമുഖങ്ങൾ ധ്യാനിന്റേതാണ്. വെട്ടിത്തുറന്നുള്ള സംസാരത്തിലൂടെയും നിർദോഷമായ തമാശകളിലൂടെയും ധ്യാനിനെ വ്യക്തിപരമായി ഇഷ്ടപ്പെടുന്നവർ ധാരാളം.

ചുരുക്കത്തിൽ സോഷ്യൽ മീഡിയായിൽ ഹേറ്റേഴ്സ് ഇല്ലാത്ത രണ്ടു സെലിബ്രിറ്റികളാണ് വിനീതും ധ്യാനും.

അതുകൊണ്ടുതന്നെ ഇവർ ഒന്നിക്കുന്ന ‘വർഷങ്ങൾക്കുശേഷം’ എന്ന സിനിമയെക്കുറിച്ച് പ്രേക്ഷകർക്ക് ഏറെ പ്രതീക്ഷകളുണ്ടായിരുന്നു. പോരാഞ്ഞ് ഹൃദയം സിനിമയിലൂടെ പ്രേക്ഷകമനസ്സുകളെ കീഴടക്കിയ പ്രണവ് മോഹൻലാൽ-കല്യാണി പ്രിയദർശൻ താരജോഡികൾ കേന്ദ്രകഥാപാത്രങ്ങളാകുന്നുവെന്ന പ്രതീക്ഷ. പിന്നെ നിവിൻപോളി, ബേസിൽ ജോസഫ്, അജു വർഗ്ഗീസ് തുടങ്ങിയ താരങ്ങൾ. ഒരു സൂപ്പർഹിറ്റ് സിനിമയ്ക്കു വേണ്ട എല്ലാ ബാഹ്യഘടകങ്ങളും ഈ പുതിയ സിനിമയ്ക്കുണ്ടായിരുന്നു. എന്നാൽ, ആ ചിത്രം ആവശ്യപ്പെടുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് ചിത്രത്തെ ട്രീറ്റ് ചെയ്തോ എന്നതാണു സംശയം. അവകാശപ്പെടുന്നതുപോലെ വലിയൊരു വിജയം ചിത്രത്തിനുണ്ടായോ എന്നതും.

സിനിമയുമായി ബന്ധപ്പെട്ട ജീവിതങ്ങളുടെ കഥയാണ് ‘വർഷങ്ങൾക്കുശേഷം’ എന്നു വേണമെങ്കിൽപറയാം. അതോടൊപ്പം അതിൽ സൗഹൃദങ്ങളുണ്ട്, പ്രണയവുമുണ്ട്. എന്നാൽ ഈ മൂന്നു മേഖലകളെയും വേണ്ടവിധത്തിലും ചേരുംപടിയും ചേർക്കാൻ വിനീതിനു കഴിഞ്ഞിട്ടില്ല. മൂന്നുതരം ബന്ധങ്ങളെയും ഹൃദയസ്പർശിയായി അവതരിപ്പിക്കാൻ സാധിക്കാതെപോയി. സിനിമയ്ക്കുള്ളിലെ സിനിമ ഇതിനകം പല സിനിമകൾക്കും പ്രതിപാദ്യവിഷയമായിട്ടുണ്ട്. കെ.ജി. ജോർജിന്റെ ലേഖയുടെ മരണം ഒരു ഫ്ളാഷ് ബായ്ക്ക് മുതൽ റോഷൻ ആൻഡ്രൂസിന്റെ ഉദയനാണ് താരംവരെ. ജയരാജിന്റെ നായിക, ഷാഫിയുടെ മേക്കപ്പ്മാൻ തുടങ്ങിയവയും പരാമർശിക്കപ്പെടേണ്ടതാണ്. എന്നാൽ, അതുപോലെ സിനിമയ്ക്കുള്ളിലെ സിനിമയെ വേണ്ടവിധം അവതരിപ്പിക്കാൻ ഈ സിനിമയ്ക്കു സാധിക്കുന്നില്ല. പശ്ചാത്തലമായി സിനിമാലോകം നില്ക്കുന്നുവെന്നല്ലാതെ ആ ലോകത്തിന്റെ ആഴങ്ങളിലേക്കു വിനീത് കടന്നുചെല്ലുന്നില്ല. എന്നാൽ, മാറുന്ന സിനിമയുടെ ചില മുഖങ്ങളെ രണ്ടാം പാതിയിൽ അവതരിപ്പിക്കുന്നുമുണ്ട്.

മോഹൻലാലിന്റെ മകൻ പ്രണവും ശ്രീനിവാസന്റെ മകൻ ധ്യാനും ഒന്നിച്ചപ്പോൾ മലയാളികളുടെ മുൻധാരണകളിലൊന്ന്, ലാലിന്റെയും ശ്രീനിയുടെയും ജീവിതത്തിലെ, പ്രത്യേകിച്ച് കോടമ്പാക്കം ജീവിതത്തിലെ ഒരു ടിപ്പിക്കൽസംഭവത്തിന്റെ സിനിമാറ്റിക് വേർഷൻ ആയിരിക്കും വർഷങ്ങൾക്കുശേഷം എന്നാണ്. എന്നാൽ, അത്തരം സംഭവങ്ങളൊന്നും ചിത്രത്തിലില്ല. പക്ഷേ, കോടമ്പാക്കവുമായി ബന്ധപ്പെട്ട് ആരുടെയൊക്കെയോ ജീവിതങ്ങളിലൂടെ സിനിമ കടന്നുപോകുന്നുമുണ്ട്.



മലയാളസിനിമ കൊച്ചിയിലേക്കു വരുന്നതിനു മുമ്പ് കോടമ്പാക്കം കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന ഒരു കാലമാണ് ‘വർഷങ്ങൾക്കുശേഷം’ സിനിമയുടെ തട്ടകം. സംഗീതം ജീവവായുവായി കൊണ്ടുനടക്കുന്ന മുരളിയും എഴുത്തിൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്ന വേണുവും. ഭാഗ്യപരീക്ഷണങ്ങളുടെ കയ്യാങ്കളിയായ എന്നത്തെയും സിനിമയിൽ ഭാഗ്യംകൊണ്ട് വേണു ശ്രദ്ധിക്കപ്പെടുന്നു. അതിനു നിമിത്തമായതാവട്ടെ മുരളിയും. വേണുവിന്റെ ഉയർച്ച സ്വപ്നം കാണുന്ന മുരളി. എന്നിട്ടും ചില പ്രത്യേക സന്ദർഭത്തിൽ ഇരുവരും തമ്മിൽ വേർപിരിയുന്നു. തെറ്റുമനസ്സിലാക്കി വേണു തിരികെവരുന്നു. അപ്പോഴേക്കും കാലം അവർക്കിടയിൽ കുത്തിയൊലിച്ചുപോയിരുന്നു. പ്രശസ്തിയുടെ ഉയരങ്ങളിൽനിന്നു വേണു നിസ്സാരനായി തലകുത്തിവീഴുമ്പോൾ മുരളി ഒരിടത്തും ഒന്നുമാകാതെയായിത്തീരുന്നു.

സൗഹൃദങ്ങളുടെ ഒരു ലോകം വിനീതിന്റെ സിനിമകളിൽ ആവർത്തിച്ചുവരുന്ന ഒന്നാണ്. ആദ്യസിനിമയായ മലർവാടി ആർട്സ് ക്ലബ് മുതൽ ഇതു കാണാൻ കഴിയും. കൂട്ടുകാരിലൊരുവൻ പ്രസിദ്ധനാകുന്നു, പണക്കാരനാകുന്നു. പക്ഷേ, ചില തെറ്റുധാരണകൾ അവരെ തമ്മിലകറ്റുന്നു. എന്നാൽ, വീണ്ടും അവർ ഒന്നിക്കുന്നു. ഇതുതന്നെയാണ് ഈ സിനിമയിലും കാണുന്നത്.



സൗഹൃദം പുതിയ വിഷയമല്ല. എന്നാൽ, ആ വിഷയത്തെ പുതിയ രീതിയിൽ അവതരിപ്പിക്കാൻ കഴിയുമ്പോൾ സൗഹൃദം ഹൃദയസ്പർശിയാകുന്നു. പക്ഷേ, നിർഭാഗ്യകരമെന്നുപറയട്ടെ, അത്രയ്ക്കും ഹൃദയാകർഷകത്വമൊന്നും വർഷങ്ങൾക്കുശേഷത്തിലെ സൗഹൃദങ്ങളിൽ പ്രകടമാകുന്നില്ല.

വിനീതിന് ഈ സിനിമയിൽ പറ്റിയ ഏറ്റവും വലിയ പാളിച്ച പ്രണവ് മോഹൻലാലിന്റെ കൈകളിലേക്കു മുരളിയുടെ കഥാപാത്രത്തെ വച്ചുകൊടുത്തുവെന്നതായിരുന്നു. നടനാകാനോ താരമാകാനോ താത്പര്യമില്ലാത്ത ആളാണ് പ്രണവ് എന്നാണ് ഭാഷ്യം. അതു ശരിയാണെന്നു ശരിവയ്ക്കുന്ന വിധത്തിലായിരുന്നു പ്രണവിന്റെ അഭിനയവും. അഭിനയത്തിന്റെ കാര്യത്തിൽ ഇതിനകം പലകുറി പഴികേട്ടിട്ടുള്ളതൊക്കെ പ്രേക്ഷകനും ശരിവച്ചുപോകും ഇതിലെ സിനിമയിലെ പ്രണവിനെ കണ്ടാൽ. തീരെ താത്പര്യമില്ലാത്തതുപോലെയുള്ള ഭാവങ്ങളായിരുന്നു പ്രണവിൽ പൊതുവെയുണ്ടായിരുന്നത്.

എന്നാൽ ജീവിതത്തിലെ മൂന്നു കാലഘട്ടങ്ങളെ -പഠനം, മദിരാശി ജീവിതം, വാർധക്യം-ധ്യാൻ മനോഹരമായി അവതരിപ്പിക്കുകയും ചെയ്തു. ധ്യാൻ മികച്ച സിനിമകളിലൂടെ വരുംകാലങ്ങളിൽ മികച്ച നടനായിത്തീരാനുള്ള സാധ്യതയുണ്ടെന്ന പറഞ്ഞുവയ്ക്കുന്ന സിനിമയാണു വർഷങ്ങൾക്കുശേഷം. ഈ സിനിമകൊണ്ട് പ്രയോജനമുണ്ടായ ഒരേയൊരു വ്യക്തിയും ധ്യാനാണ്.

മറ്റൊരാൾ സ്വയം ട്രോളി കൈയടി നേടിയ നിവിൻ പോളിയാണ്. സ്വന്തം കുറവുകളെ സ്വയം പരിഹാസ്യവിഷയമാ ക്കാറുള്ള ശ്രീനിവാസന്റെ രീതിയാണ് വിനീത് നിവിൻ പോളിക്കു കൈമാറിയിരിക്കുന്നത്. തന്റെ സീൻ ആദ്യടേക്കിൽതന്നെ ഓക്കെയായോ എന്ന മട്ടിൽ അമ്പരക്കുന്ന നിവിൻ തീയറ്ററിൽ നല്ല പൊട്ടിച്ചിരിയുണ്ടാക്കുന്നുണ്ട്.

സോഷ്യൽ മീഡിയായിൽ ‘വർഷങ്ങൾക്കുശേഷം’ സിനിമയെക്കുറിച്ച് നെഗറ്റീവ് റിവ്യൂസ് വരാത്തതിന് ഒറ്റക്കാരണമേയുള്ളൂ. തുടക്കത്തിൽ പറഞ്ഞതുപോലെ വിനീതിന് ഹേറ്റേഴ്സ് ഇല്ല എന്നത്. എന്നാൽ, അക്കാരണംകൊണ്ടുതന്നെ ഇതു നല്ല സിനിമയാകുന്നില്ല. ആരാധകരുടെ സ്തുതികളിൽ സ്വയം മതിമറന്ന് സിനിമയിൽനിന്നുതന്നെ അപ്രസക്തനായി മാറിയ വേണുവിനെപ്പോലെ ഒരു ദുരോഗ്യം വിനീത് ശ്രീനിവാസനു സംഭവിക്കാതിരിക്കട്ടെ. നല്ല കഥയും മെച്ചപ്പെട്ട തിരക്കഥയുമായി നല്ലസിനിമകളുടെ സംവിധായകനായി കാലത്തിനൊത്ത് മാറാൻ നിവിനു സാധിക്കട്ടെ. സൗഹൃദങ്ങളുടെ കഥപറയുകയായിരുന്നോ അതോ സിനിമാക്കാരുടെ കഥ പറയുകയായിരുന്നോ വിനീതിന്റെ ലക്ഷ്യമെന്ന് ഇപ്പോഴും മനസ്സിലായിട്ടില്ല.

■



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ലോകത്തിലെ ഏറ്റവും വലിയ തിരഞ്ഞെടുപ്പുമഹോത്സവം

നേർമൊഴി

**ലോ**കത്തിലെ ഏറ്റവും ബൃഹത്തായ തിരഞ്ഞെടുപ്പുപ്രക്രിയ ഭാരതത്തിലേതാണ്. 141 കോടി ജനങ്ങളിൽ 97 കോടി ജനങ്ങൾ വോട്ടവകാശമുള്ളവരാണ്. 49.7 കോടി പുരുഷവോട്ടർമാരും 47.1 കോടി വനിതാ വോട്ടർമാരുമാണുള്ളത്. വോട്ടർമാരിൽ 1.8 കോടി നവാഗതരാണ്. 80 ലക്ഷത്തിലധികം വോട്ടർമാർ ശാരീരികവെല്ലുവിളികൾ നേരിടുന്നവരത്രേ. സമ്മതിദായകരിൽ 82 ലക്ഷത്തിലധികംപേർ 85 നു മുകളിൽ പ്രായമുള്ളവരും 2,18,000 പേർ നൂറു വയസ്സ് പിന്നിട്ടവരുമാണ്. ഇലക്ഷൻ ആവശ്യങ്ങൾക്കുവേണ്ടി നാലു ലക്ഷം വാഹനങ്ങളാണുപയോഗിക്കുന്നത്. 2024 ലെ പൊതുതിരഞ്ഞെടുപ്പിനു കണക്കാക്കപ്പെടുന്ന മൊത്തം ചെലവ് 1.35 ലക്ഷം കോടി രൂപയാണ്. അത് 2019 ലെ തിരഞ്ഞെടുപ്പിന്റെ ഏകദേശം ഇരട്ടിയിലധികം തുകയാണ്.

ഏഴു ഘട്ടങ്ങളായാണ് തിരഞ്ഞെടുപ്പു നടക്കുന്നത്. അതിൽ രണ്ടു ഘട്ടങ്ങൾ പൂർത്തിയായി. (ഏപ്രിൽ 19, 26) മേയ് 7, 13, 20, 25 ജൂൺ ഒന്ന് തീയതികളിലെ തിരഞ്ഞെടുപ്പാണ് ഇനി നടക്കാനുള്ളത്. തിരഞ്ഞെടുപ്പ് എളുപ്പമാക്കാനും വേഗത്തിലാക്കാനും 10.5 ലക്ഷത്തോളം വോട്ടെടുപ്പുകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഒന്നരക്കോടി പോളിങ് ഉദ്യോഗസ്ഥരാണ് വോട്ടെടുപ്പു നിയന്ത്രിക്കുന്നത്. രാജ്യം ആരു ഭരിക്കുമെന്നറിയാൻ ജൂൺ നാലുവരെ കാത്തിരിക്കണം.

ബിജെപി നേതൃത്വം വഹിക്കുന്ന എൻഡിഎയും കോൺഗ്രസ് നേതൃത്വം വഹിക്കുന്ന ഇന്ത്യാസഖ്യവും തമ്മിലാണ് പ്രധാന മത്സരം. പ്രധാനമന്ത്രി നരേന്ദ്രമോദി എൻഡിഎ സഖ്യത്തിന്റെ മുഖ്യപ്രചാരകനാണ്. രാഹുൽഗാന്ധി ഇന്ത്യാ സഖ്യത്തിന്റെയും. 370 - 400 സീറ്റ് ഉറപ്പുമായിട്ടാണ് ബിജെപി തിരഞ്ഞെടുപ്പു പ്രചാരണമാരംഭിച്ചത്. ബിജെപിയെ പിന്തുണയ്ക്കുന്ന കോർപറേറ്റ് മാധ്യമങ്ങളെല്ലാം മൂന്നാംവട്ട ഭരണം മോദിക്ക് ഉറപ്പാണെന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നു. രണ്ടു ഘട്ടം തിരഞ്ഞെടുപ്പു പൂർത്തിയായപ്പോൾ ബിജെപിയുടെ ആവേശം ചോർന്നതുപോലെ തോന്നുന്നു. ഇപ്പോൾ പ്രധാനമന്ത്രിയുടെ പ്രസംഗങ്ങളിൽ 370-400 കേൾക്കുന്നതേയില്ല. മോദി ഗ്യാരന്റി എന്ന പ്രയോഗവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

ബിജെപിയുടെയും മോദിയുടെയും മോടി കുറഞ്ഞിട്ടുണ്ടെന്നതിന്റെ സൂചനയാണ് ഒന്നാം ഘട്ട തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം പ്രധാനമന്ത്രി നടത്തിയ പ്രസംഗം. നടത്തിയ വികസനത്തെക്കുറിച്ചല്ല പ്രധാനമന്ത്രി ചർച്ച ചെയ്തത്. വിഭാഗീയതയും വിഭജനവും സൃഷ്ടിക്കത്തവിധം വർഗീയവിഷം ചീറ്റുന്ന വാക്കുകളാണ് അദ്ദേഹം രാജസ്ഥാനിലെ ഒരു യോഗത്തിൽ പറഞ്ഞത്. മുസ്ലീംവിരുദ്ധത പറഞ്ഞ് ഹിന്ദുവോട്ടുകളുടെ ഏകീകരണം സാധ്യമാക്കാനുള്ള തന്ത്രം എപ്പോഴും വിജയിച്ചുകൊള്ളണമെന്നില്ല.

2019 ലെ തരംഗം ഇപ്പോൾ ഒരു സംസ്ഥാനത്തുംതന്നെയില്ല. ബിജെപിയെ മുസ്ലീംകൾ മാത്രമല്ല, നിഷ്പക്ഷവോട്ടർമാരും സംശയിച്ചുതുടങ്ങിയിരിക്കുന്നു. ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ രാജ്യത്തെ മതരാഷ്ട്രമാക്കി മാറ്റാനുള്ള ശ്രമം നടക്കുന്നു എന്ന ചിന്ത വ്യാപകമായി പ്രചരിക്കുന്നുണ്ട്. ജനാധിപത്യവിശ്വാസികളെല്ലാം ആഗ്രഹിക്കുന്നത് മതേതരത്വവും സമത്വവും സമഭാവനയുമുള്ള ഭാരതത്തെയാണ്. വിഭജനരാഷ്ട്രീയത്തെ സമാധാനകാംക്ഷികൾ പിന്തുണയ്ക്കുകയില്ല.

തുടർഭരണം സ്വാഭാവികമായും ഭരണവിരുദ്ധവികാരം ക്ഷണിച്ചുവരുത്തും. ഹൈവേകളും പാലങ്ങളും വിമാനത്താവളങ്ങളും തുറമുഖങ്ങളുമാണ് വികസനമെന്നു സാധാരണക്കാർ വിശ്വസിക്കുന്നില്ല. ദാരിദ്ര്യം പെരുകുകയും തൊഴിലില്ലായ്മ വർധിക്കുകയും നിത്യോപയോഗസാധനങ്ങളുടെ വില കുതിച്ചുകയറുകയും ചെയ്യുന്നിടത്ത് വികസനമുണ്ടെന്ന് ആരും സമ്മതിച്ചുകൊടുക്കില്ല.

ഇതിനുപുറമേയാണ് പല സംസ്ഥാനങ്ങളിലുംനിന്നുയരുന്ന എതിർപ്പുകൾ. രാജസ്ഥാനിലെ രജപുത്രരും ജാട്ടുവിഭാഗക്കാരും കേന്ദ്രസർക്കാരിനെതിരാണ്. കർഷകസമരം ജാട്ടുകളുടെ നേതൃത്വത്തിലാണ്. മഹാരാഷ്ട്രയിലേക്കും മധ്യപ്രദേശിലേക്കും നീളുന്നതാണ് ഈ പ്രതിഷേധം. പൗരത്വഭേദഗതിനിയമവും അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റും ഇലക്ടറൽബോണ്ടുവിവാദവുമെല്ലാം വൻതോതിൽ ബിജെപിക്ക് എതിരായി. ഇന്ത്യാസഖ്യം ശക്തിപ്പെട്ടതും രാഹുൽഗാന്ധിയുടെ പ്രതിച്ഛായ മെച്ചപ്പെട്ടതും മോദി സർക്കാരിനു ഭീഷണിയായി. പ്രാദേശികനേതാക്കന്മാരെ അവഗണിച്ചതും കേന്ദ്രനേതൃത്വത്തോടുള്ള അതൃപ്തിക്കിടയാക്കി. യോഗി ആദിത്യനാഥിനെപ്പോലുള്ള നേതാക്കന്മാരെ ഇപ്പോൾ തിരഞ്ഞെടുപ്പു യോഗങ്ങളിൽ പങ്കെടുപ്പിക്കുന്നത് നിസ്സഹകരണവും പ്രതിഷേധവും കുറയ്ക്കാനാണ്.

തിരഞ്ഞെടുപ്പ് ഏഴു ഘട്ടങ്ങളിലേക്കു നീട്ടിയത് വിമർശനവിധേയമായിട്ടുണ്ട്. പ്രധാനമന്ത്രി മോദിക്ക് എല്ലാ സ്ഥലങ്ങളിലും പോകാനും ഓരോ ഘട്ടത്തിലെയും വോട്ടുനിലയും ജനവികാരവും മനസ്സിലാക്കാനും ജയം ഉറപ്പാക്കാനുള്ള തന്ത്രങ്ങൾ പയറ്റാനുമാണ് ഏഴു ഘട്ടങ്ങളെന്നു ചിന്തിക്കുന്നവരുണ്ട്. അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളും വർധിച്ച ഇക്കാലത്ത് കുറഞ്ഞ സമയത്തിനുള്ളിൽ തിരഞ്ഞെടുപ്പുപ്രക്രിയ പൂർത്തിയാക്കുന്നതാണ് ജനത്തിനു താത്പര്യം. ■

കരുതാം ആരോഗ്യം 6

# ചൂടുകാലമാണ്, ശ്രദ്ധവേണം ആരോഗ്യകാര്യത്തിലും



ഡോ. ശ്രീതാ ശ്രീനിവാസ്

**മേ**ടച്ചൂടിൽ വലയുകയാണ് ജനം. പകലും രാത്രിയും ചൂട് ഉയർന്നുനിൽക്കുന്നത് വിവിധ ആരോഗ്യപ്രശ്നങ്ങളിലേക്കു നയിക്കാൻ സാധ്യത കൂടുതലാണ്. ഇതിനാൽ ചൂടുകാലത്ത് ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിൽ ശ്രദ്ധ പുലർത്തണം. വീട്ടിനുള്ളിൽ കഴിയുന്ന രോഗികളെയും ചൂട് പ്രതികൂലമായി ബാധിക്കും. ഇത്തരക്കാരുടെ കാര്യത്തിലും ശ്രദ്ധ വേണം. പ്രത്യേകിച്ച് 65 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർ, നാലു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഹൃദ്രോഗികൾ, പ്രമേഹരോഗികൾ, വൃക്കരോഗികൾ, പോഷകാഹാരക്കുറവുള്ളവർ എന്നിവർ വേനൽക്കാലത്ത് ആരോഗ്യം ശ്രദ്ധയോടെ കരുതേണ്ടതാണ്.

**നേരിട്ട് സൂര്യതാപം ഏൽക്കരുത്**

കനത്ത ചൂടിൽ സൂര്യാഘാതമേൽക്കുന്നവരുടെ എണ്ണം വർധിക്കുന്നുണ്ട്. നേരിട്ടു സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. പ്രത്യേകിച്ച് പകൽ 11 മണി മുതൽ 3 മണിവരെ സമയത്ത്. ഈ സമയത്ത് തുറസായ സ്ഥലങ്ങളിലെ ജോലി ഒഴിവാക്കാൻ പരമാവധി ശ്രദ്ധിക്കണം. അന്തരീക്ഷതാപനില പരിധിക്കപ്പുറം ഉയർന്നാൽ ശരീരത്തിലെ താപനില നിയന്ത്രണസംവിധാനങ്ങൾ താളംതെറ്റുകയും ശരീരത്തിലുണ്ടാകുന്ന താപം പുറത്തേക്കു പോകുന്നതിനു തടസ്സം നേരിടുകയും ചെയ്യുമ്പോളാണ് സൂര്യാഘാതം ഏൽക്കുക. ഉയർന്ന ശരീരതാപനിലയും അബോധാവസ്ഥയും, തലവേദന, തലകറക്കം, നാഡിമിടിപ്പിലെ മന്ദത എന്നിവയും അനുഭവപ്പെടാം. താപനില കൂടുമ്പോൾ ശരീരം കൂടുതലായി വിയർക്കുകയും ജലവും ലവണങ്ങളും നഷ്ടപ്പെട്ട് പേശിവലിവ് അനുഭവപ്പെടുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളിൽ ഉപ്പിട്ട നാരങ്ങാവെള്ളം, കരിക്കിൻവെള്ളം തുടങ്ങിയവ കുടിച്ചു വിശ്രമിക്കാൻ ശ്രദ്ധിക്കണം. മോശമായ ആരോഗ്യാവസ്ഥ അനുഭവപ്പെട്ടാലുടൻ ഡോക്ടറുടെ സേവനം തേടണം.

**പുറത്തുപോകുന്നവർ ശ്രദ്ധിക്കുക**

പുറത്തുപോകുന്നവർ കുടിവെള്ളം നിർബന്ധമായി കരുതണം.

പരമാവധി ശുദ്ധജലം കുടിക്കണം. ദാഹം തോന്നുന്നില്ലെങ്കിൽപ്പോലും വെള്ളം കുടിക്കണം.

വെയിലത്ത് പാർക്കു ചെയ്യുന്ന വാഹനങ്ങളിൽ കുട്ടികളെ ഇരുത്തിയിട്ടു മാതാപിതാക്കൾ മറ്റ് ആവശ്യങ്ങൾക്കു പോകുന്നത് ഒഴിവാക്കണം.

അവധിക്കാലമാണെങ്കിലും കുട്ടികൾ സൂര്യപ്രകാശം ഏൽക്കുന്ന രീതിയിൽ കളികളിൽ ഏർപ്പെടുന്നത് ഒഴിവാക്കണം.

**വീടിനുള്ളിൽ കഴിയുന്നവരും ശ്രദ്ധ പുലർത്തണം**

ചൂടുകാലത്ത് വീടിനുള്ളിൽ കഴിയുന്നവർ കട്ടികുറഞ്ഞതും ഇളംനിറത്തിലുമുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുന്നതിനു ശ്രദ്ധിക്കണം.

ഫാൻ മുഴുവൻ സമയവും ഇട്ടു കിടക്കുന്നത് ശരീരം ഡ്രൈ ആകുന്നതിനു കാരണമാകും. തൊണ്ടയിൽ അലർജി ഉണ്ടാകുന്നതിനും ചുമയ്ക്കും സാധ്യതയുണ്ടാക്കും.



എ.സി. ഉപയോഗിച്ച് പൂർണ സമയവും ഉറങ്ങുന്നവർ 24 - 26 ഡിഗ്രിയിൽ തണുപ്പ് ക്രമീകരിക്കുന്നതാണ് നല്ലത്.

എ.സിയുടെ തുടർച്ചയായ ഉപയോഗംമൂലം ഡിഹൈഡ്രേഷൻ അറിയാതെ പോകും. വെള്ളംകുടിക്കുന്നത് കുറയുന്നതിലൂടെ നിർജലീകരണം മൂലമുള്ള അസുഖങ്ങൾ, യൂറിനറി ഇൻഫെക്ഷൻ എന്നിവയുണ്ടാകാനും സാധ്യതയുണ്ട്.

പകൽസമയത്ത് തണുത്തവെള്ളത്തിൽ മുഖം കഴുകണം.

ഭക്ഷണകാര്യത്തിൽ ശ്രദ്ധിക്കുന്നതു നല്ലതാണ്. മസാലകൾ അമിതമായി ഉപയോഗിക്കുന്ന ഭക്ഷണം ഒഴിവാക്കി സാലഡുകൾ, ശരീരത്തിനു കുളിർമ പകരുന്ന പഴവർഗങ്ങൾ എന്നിവ കഴിക്കുക.

*(ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ഫിസിഷ്യനാണ്.)*

# എല്ലാം ദൈവദാനമെന്നു വിശ്വസിച്ചവൾ



മേഴ്സിക്കുട്ടി എബ്രഹാം

റോഡിലൂടെ നടന്നുപോകുമ്പോൾ പിറകിൽനിന്നു വണ്ടിയുടെ ഹോൺ കേട്ടാൽ നാമെല്ലാം തിരിഞ്ഞുനോക്കും. അതുപോലെ ചില സംഭവങ്ങളോ, അനുഭവങ്ങളോ നമ്മുടെ തന്നെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കാൻ ഇടയാക്കുന്നുണ്ട്. ഈയടുത്തകാലത്ത് ഞാനൊരു മൃതസംസ്കാരച്ചടങ്ങിൽ പങ്കെടുത്തു. തലേദിവസം വൈകുന്നേരം മൃതദേഹം ഭവനത്തിൽ കൊണ്ടുവന്നു. ഞങ്ങളും കാണാൻപോയി. പുതിയ വീട്, എല്ലാ സൗകര്യങ്ങളുമുണ്ട്. ഹൗസിങ് കോംപ്ലക്സാണ്. അയൽപക്കത്തു താമസിക്കുന്ന എല്ലാവരും ഭവനത്തിലെത്തി, പ്രാർഥന നടത്തുകയായിരുന്നു. മെച്ചപ്പെട്ട സാഹചര്യത്തിൽ ജീവിച്ചു, മരിച്ച സ്ത്രീയാണല്ലോയെന്നാണു ഞാൻ കരുതിയത്.

പിറ്റേദിവസം പത്തുമണിക്കായിരുന്നു സംസ്കാരം. അതിനും ഞങ്ങൾ പോയിരുന്നു. ശവമഞ്ചം പള്ളിയിൽ എത്തിയപ്പോഴേക്കും പള്ളിനിറച്ച് ആളുകളായി. പുരോഹിതൻ പ്രാർഥനാശുശ്രൂഷ ആരംഭിച്ചു. ചരമപ്രസംഗം നടത്തിയത് ചേടത്തിയെ അറിയാവുന്ന പ്രായമുള്ള ഒരച്ചനായിരുന്നു. മരിച്ചപ്പോൾ ചേടത്തിക്ക് എഴുപതു വയസ്സ്. രണ്ടുവർഷമായി സുഖമില്ലാതിരിക്കുകയായിരുന്നു.

ചരമപ്രസംഗത്തിൽ അച്ചൻ പറഞ്ഞ വാക്കുകളാണ് എന്നെ ചിന്തിപ്പിച്ചത്. ചേടത്തിയെ ചെറുപ്പംമുതൽ അച്ചനറിയാം. ഏഴ് ആങ്ങളമാർക്കുള്ള ഒരു പെങ്ങൾ. ഒരു മലയുടെ അടിവാരത്തിലായിരുന്നു താമസം. ഒരു കർഷകകുടുംബമായിരുന്നു അവരുടേത്. അടുത്തെങ്ങും സ്കൂളോ പള്ളിയോ ആശുപത്രിയോ ഒന്നുമില്ലായിരുന്നു. ചെറിയ വീട്ടിൽ സന്തോഷത്തോടെ താമസിച്ചിരുന്ന വലിയൊരു കുടുംബം. പതിനേഴു വയസ്സായപ്പോൾ ചേടത്തിക്കു വിവാഹാലോചനകൾ വന്നു തുടങ്ങി. മലയുടെ ഏറ്റവും മുകളിലാണ് പാപ്പച്ചന്റെ വീട്. രണ്ട് ആൺമക്കളും, ആറു പെൺമക്കളുമുണ്ട്. പാപ്പച്ചൻ ഇളയ മകനാണ്. പാപ്പച്ചന്റെ വീടിനുചുറ്റും അഞ്ചേക്കർ സ്ഥലവും കുറെ പശുക്കളും കൃഷിയുമെല്ലാമുണ്ട്. മലയുടെ മുകളിലെത്തിയാൽ ആദായമുള്ള ഭൂമിയാണ്. ഇതെല്ലാം അറിഞ്ഞപ്പോൾ പാപ്പച്ചനെക്കൊണ്ട് ചേടത്തിയെ വിവാഹം കഴിപ്പിച്ചു. അന്നത്തെ കാലത്ത് പാപ്പച്ചന്റെ വീട്ടിലേക്ക് ജീപ്പുപോലും എത്തുകയില്ല. വിവാഹം മലയുടെ താഴെയുള്ള പള്ളിയിലായിരുന്നു.

പാപ്പച്ചന്റെ കുടുംബത്തിൽ കാൽകുത്തിയതുമുതൽ ചേടത്തി ആ കുടുംബത്തിന്റെ ഐശ്വര്യമായി ജീവിച്ചു. പാപ്പച്ചന്റെ അമ്മയോടൊപ്പം അധ്വാനിച്ചു. പെങ്ങന്മാരുടെ വിവാഹം സന്തോഷത്തോടെ നടത്തി. സഹോദരങ്ങളുമായി സ്നേഹത്തിൽ ജീവിച്ചു. കാലത്തിന്റെ പൂർണതയിൽ അവർക്ക് അഞ്ചു മക്കളുണ്ടായി. മക്കൾ മലയിറങ്ങി, ദീർഘദൂരം നടന്നാണ് സ്കൂളിൽ പോയിരുന്നത്. അങ്ങനെയിരിക്കേ പാപ്പച്ചനൊരു പനി പിടിച്ചു. അറിയാവുന്ന മരുന്നുകളെല്ലാം പ്രയോഗിച്ചുനോക്കി. പനി കുറഞ്ഞില്ല. എന്തായാലും ഒരാഴ്ചകഴിഞ്ഞ് പാപ്പച്ചൻ മരിച്ചു. അപ്പോഴേക്കും പാപ്പച്ചന്റെ അപ്പനും അമ്മയും മരിച്ചിരുന്നു. പാപ്പച്ചന്റെ ചേട്ടൻ വീടുവച്ച് മലയുടെ താഴെയാണു താമസം.

ചേടത്തിയും അഞ്ചുമക്കളും എന്തെന്നില്ലാതെ വിഷമിച്ചു. എന്നാലും മക്കളെ വിശ്വാസത്തിൽ വളർത്താൻ തീരുമാനിച്ചു. സ്വന്തം പറമ്പിൽ പണിതും, അയൽക്കാരന്റെ പറമ്പിൽ കൃഷി ചെയ്തും കൂലിപ്പണി ചെയ്തും മക്കളെ നോക്കി. പെൺമക്കളെയും ആൺമക്കളെയും പഠിപ്പിച്ചു. കുട്ടികൾക്ക് അവധിയുള്ള ദിവസങ്ങളിൽ അവരെയുംകൊണ്ട് വെളുപ്പിനുതന്നെ മലയിറങ്ങി ദൈവാലയത്തിൽ എത്തിയിരുന്നു. മാതാവിനോടുള്ള ഭക്തി എടുത്തുപറയേണ്ടതായിരുന്നു. പഠനംകഴിഞ്ഞ് പെൺമക്കൾ വിദേശരാജ്യങ്ങളിൽ നേഴ്സിങ് ജോലിക്കായി പോയി. അതോടെ കുടുംബത്തിന്റെ ബുദ്ധിമുട്ടുകൾ കുറയാൻ തുടങ്ങി. ആൺമക്കളും കഷ്ടപ്പെട്ടു വിദേശരാജ്യങ്ങളിൽ ജോലി തേടി പോയി. എല്ലാവരുടെയും വിവാഹപ്രായമായപ്പോൾ മക്കളുടെ നിർബന്ധപ്രകാരം മലയിലുള്ള സ്ഥലംവിറ്റ് സൗകര്യമുള്ള സ്ഥലത്തു സ്ഥലം വാങ്ങി ആധുനികരീതിയിലുള്ള വീടു നിർമിച്ചു. മക്കളുടെയെല്ലാം വിവാഹം നടത്തി. എല്ലാവരും സുഖമായി ജീവിക്കുന്നു. കൊന്തനമസ്കാരത്തിനിടയിലാണ് അന്ത്യശ്വാസം വലിച്ചതെന്നു പലരും പറയുന്നുണ്ടായിരുന്നു.



എല്ലാവർക്കും നല്ലതുമാത്രമേ പറയാനുള്ളൂ. വിശ്വാസത്തിൽ ജീവിച്ചവൾ, എല്ലാവരോടും സ്നേഹത്തോടെയും സന്തോഷത്തോടെയും പെരുമാറി. മക്കളെ നന്നായി വളർത്തി. ഭർത്തൃകുടുംബത്തിനു സന്തോഷമേകി. ഭർത്താവിന്റെ മരണശേഷവും ആ കുടുംബത്തോടു നല്ല ബന്ധം നിലനിർത്തി. മക്കൾ അമ്മയ്ക്കു കൊടുക്കുന്ന പണത്തിൽനിന്ന് അർഹതപ്പെട്ടവർക്കു കൊടുക്കാനും മടികാണിച്ചിരുന്നില്ല. പുതിയ വീട്ടിൽ താമസം തുടങ്ങിയതിനുശേഷം എല്ലാ ദിവസവും ആദ്യത്തെ കുർബാനയ്ക്ക് എത്തുമായിരുന്നു. എല്ലാം ദൈവത്തിന്റെ ദാനമാണെന്നു വിശ്വസിച്ചവൾ. സങ്കടവും സന്തോഷവും അനുഭവിച്ചു ജീവിച്ച്, കർത്താവിന്റെ സന്നിധിയിലേക്കു ചേർക്കപ്പെട്ട ചേടത്തിക്ക് ഉചിതമായ യാത്രയയപ്പു നൽകുകയെന്നു പറഞ്ഞപ്പോഴാണ് ഞാൻ എന്റെ ചിന്തയിൽനിന്നുണർന്നത്.

നമ്മളെല്ലാവരും നമ്മുടെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുന്നതു നല്ലതാണ്. ഞാൻ എങ്ങനെ? ജീവിതത്തിൽ എന്തെങ്കിലും നേടിയോ? ഞാൻ മരിക്കുമ്പോൾ മറ്റുള്ളവർ എന്തു പറയും? എന്റെ വിശ്വാസം ഞാൻ നിലനിർത്തുന്നുണ്ടോ? മക്കളെയും കൊച്ചുമക്കളെയും ഞാനെങ്ങനെ ചേർത്തുനിർത്തുന്നു എന്നിവയെല്ലാം. എല്ലാം ദൈവത്തിന്റെ ദാനമാണ്.

■


## വിശുദ്ധൻ യൗസേപ്പിതാവ്
## (സമ്പൂർണ നാടകം)

ചരിത്രത്തിലാദ്യമായി വി. യൗസേപ്പിതാവിന്റെ ജീവിതം നാടകരൂപത്തിൽ എഴുതിയ കൃതി.

പ്രശസ്ത ജനപ്രിയസാഹിത്യകാരൻ അന്തീനാട് ജോസിന്റെ രചന. കത്തോലിക്കാകോൺഗ്രസ് (എ. കെ. സി. സി.) അവാർഡു നേടിയ കൃതി. 43 വർഷം മുമ്പ് അന്തീനാട് പള്ളിയിലെ സൺഡേ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് അരങ്ങേറിയ നാടകം. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ശ്രദ്ധേയമായ അവതാരിക.

മാന്നാനം സെന്റ് ജോസഫ്സ് പ്രസിന്റെ പ്രസിദ്ധീകരണം.
വില 100 രൂപ.

കോപ്പികൾക്ക് വിളിക്കുക:
Mob: 9745112403



## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

നോവൽ 24

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി



മൊർദെക്കായ് രാജാവിനെയും രാജ്ഞിയെയും എഴുന്നേറ്റു നിന്നു വണങ്ങി.

"നേരത്തെ, മൂന്നുമാസംമുമ്പ് രാജമുദ്ര പതിച്ചിറക്കിയ ഒരു ഉത്തരവിനെക്കുറിച്ചു ബോധിപ്പിക്കാനുണ്ട്."

രാജാവും രാജ്ഞിയും ശ്രദ്ധാപൂർവ്വം കേട്ടിരുന്നു.

"അത് ഏതു നിയമമാണ്?"

രാജ്ഞിയുടെ ഗൗരവപൂർണമായ ചോദ്യം.

"രാജ്യത്തിലെ യഹൂദജനതയ്ക്കെതിരായ നിയമം."

പ്രധാനസചിവൻ വ്യക്തമാക്കി.

"നമ്മുടെ മഹാരാജ്ഞിക്കും ജനങ്ങൾക്കുമെതിരായ നിയമം എഴുതിയുണ്ടാക്കിയവൻ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്."

രാജാവ് ഉടൻ പ്രതികരിച്ചു.

"പക്ഷേ, മഹാരാജൻ, ആ നിയമം അടിയങ്ങളെ വളരെയധികം ആശങ്കപ്പെടുത്തുന്നുണ്ട്."

മുഖ്യസചിവന്റെ വിശദീകരണം രാജാവ് സൗമനസ്യത്തോടെ കേട്ടു.

"നമുക്കതു വ്യക്തമായിട്ടുണ്ട് മൊർദെക്കായ്. മഹാരാജ്ഞി ആ നിയമത്തിന്റെ ബുദ്ധിമുട്ടുകൾ നമ്മെ ധരിപ്പിച്ചുണ്ട്."

രാജാവ് എസ്തേറിനെ നോക്കി. അവൾ പുഞ്ചിരിച്ചു.

പ്രധാന സചിവൻ തുടർന്നു:

"അതുകൊണ്ട് ആ നിയമം റദ്ദു ചെയ്യാനുള്ള കല്പന പുറപ്പെടുവിപ്പിക്കാൻ മഹാരാജാവിനോടു ശുപാർശ ചെയ്യുന്നു."

രാജ്ഞി പ്രധാനസചിവനെ പിന്താങ്ങി.

"പക്ഷേ... അതെങ്ങനെ സാധ്യമാവും?"

രാജാവ് പണ്ഡിതന്മാരോട് ആരാഞ്ഞു. അവരിലൊരാൾ എഴുന്നേറ്റു.

"സത്യമാണു രാജൻ. രാജമുദ്ര പതിച്ച നിയമങ്ങൾ ആർക്കും ഒരിക്കലും റദ്ദു ചെയ്യുവാനാവില്ല."

പണ്ഡിതന്റെ അഭിപ്രായം പ്രധാനസചിവന്റെയും മഹാരാജ്ഞിയുടെയും മുഖത്തെ പ്രകാശം കെടുത്തി. രാജസഭ തലപുകഞ്ഞു ചർച്ച ചെയ്തു. എങ്ങിനെയെങ്കിലും തലയ്ക്കു മുകളിൽ വാളുപോലെ തൂങ്ങിക്കിടക്കുന്ന ആ ഭീതി ഇല്ലാതാക്കണം.

മറ്റൊരു നിയമജ്ഞൻ അതിനൊരു പരിഹാരം കണ്ടെത്തി. അയാൾ രാജാവിനോടുണർത്തിച്ചു:

"രാജമുദ്ര പതിച്ച നിയമങ്ങൾ റദ്ദാവുകയില്ലെങ്കിലും നിർജീവമാക്കാൻ കഴിയും."

ആ നിർദേശം രാജാവിനും രാജ്ഞിക്കും പ്രധാനസചിവനും ഇഷ്ടപ്പെട്ടു.

"എന്നാൽ, ഇന്നുതന്നെ നമ്മുടെ എഴുത്തുകാരെ വിളിച്ചുചേർക്കുക. പ്രധാനസചിവന്റെ നേതൃത്വത്തിൽ വേഗത്തിൽ ഒരു വിളംബരം തയ്യാറാക്കി രാജ്യം മുഴുവനും എത്തിക്കുക."

രാജകല്പന ഉയർന്നു.

രാജ്ഞിയുടെ മുഖത്തുനിന്ന് അസ്തമിച്ചുപോയ വെളിച്ചം തിരിയെ എത്തി.

കല്പനപോലെ...

മൊർദെക്കായ് ആഹ്ലാദപൂർവം മഹാരാജാവിനെ വണങ്ങി.

എത്രയും വേഗത്തിൽ അദ്ദേഹം എഴുത്തുവിദഗ്ധരെ കൊട്ടാരത്തിൽ വിളിച്ചുവരുത്തി. പ്രധാന നിയമമായതിനാൽ പേർഷ്യാസാമ്രാജ്യത്തിന്റെ ഔദ്യോഗിക ഭാഷകളിലും എല്ലാ പ്രദേശിക ഭാഷകളിലും അതു രൂപപ്പെടുത്താൻ നൈപുണ്യമുള്ള ഭാഷാപണ്ഡിതർ എത്തിച്ചേർന്നു. വ്യാഖ്യാനത്തിൽ ഒരല്പംപോലും സംശയമില്ലാതിരിക്കാനാണ് നിയമം വിവിധ ഭാഷകളിൽ എഴുതപ്പെട്ടത്.

മരവിപ്പിക്കപ്പെടേണ്ട നിയമമെങ്ങനെയാണോ അപ്രകാരം തന്നെയാണ് പുതിയതും നിർമിച്ചത്. ഇന്ത്യമുതൽ എത്യോപ്യവരെയുള്ള രാജ്യത്തിലെ നൂറ്റിയിരുപത്തിയേഴു പ്രവിശ്യകളിലെയും ഭരണാധിപന്മാർക്കും ദേശാധിപതികൾക്കും പ്രഭുക്കന്മാർക്കും കല്പന എത്തിച്ചു. ഓരോ പ്രവിശ്യയ്ക്കും അതിന്റെ ലിപിയിലും ഓരോ ജനതയ്ക്കും അതിന്റെ ഭാഷയിലും എഴുതപ്പെട്ടു.

ചക്രവർത്തിയായ അഹസ്വേരുസിന്റെ നാമത്തിൽ എഴുതി രാജമുദ്രപതിപ്പിച്ചു. കൊട്ടാരം ലായത്തിൽ വളർന്നവയും രാജകീയാവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നവയുമായ കുതിരകളാണ് അഞ്ചലോട്ടയാത്രയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടത്. അതിവേഗമുള്ള അത്തരം കുതിരപ്പുറത്താണ് ദൂതന്മാർ നിയമം രേഖപ്പെടുത്തിയ കത്തുകളുമായി പാഞ്ഞുപോയത്.

പേർഷ്യാ മഹാരാജ്യത്തിലെ എല്ലാ പ്രവിശ്യകളിലും വർഷത്തിന്റെ പന്ത്രണ്ടാം മാസമായ ആദാർ പതിമ്മൂന്നാം തീയതി നഗരങ്ങൾതോറും യഹൂദരോട് ഒന്നിച്ചുകൂടാൻ നിയമം അനുശാസിച്ചു. തങ്ങളെ ആക്രമിക്കാനെത്തുന്ന ജനങ്ങളെയും അവരുടെ ആയുധശക്തിയെയും ചെറുക്കാനും അവരെ നിഷ്കരുണം വധിക്കാനും നിയമം അനുമതി നല്കി. അത്തരം ദുഷ്ടന്മാരുടെ സ്ത്രീകളെയും കുട്ടികളെയുമടക്കം നശിപ്പിക്കുക, അവരുടെ വസ്തുവകകൾ കൊള്ളയടിക്കുക - എന്നിങ്ങനെ അതിവിപുലമായ അധികാരമാണ് യഹൂദർക്ക് ഈ നിയമംവഴി കരഗതമായത്.

അഹസ്വേരുസ് ചക്രവർത്തിയുടെ രാജമുദ്ര പതിച്ച പുതിയ നിയമത്തിന്റെ പകർപ്പുകൾ സകലർക്കും കാണാവുന്ന വിധത്തിൽ പൊതുസ്ഥലങ്ങളിൽ പതിച്ചു. ആ നിയമങ്ങളിൽ അനുശാസിക്കുന്ന വിധത്തിൽ ജീവിക്കാൻ മറ്റു ഗോത്രങ്ങൾ യഹൂദരെ അനുവദിക്കണമെന്നു കല്പനയായി.

ആ ഉത്തരവിന്റെ സാരം ഇപ്രകാരമാണ്:

"ഈ വരുന്ന ആദാർമാസം പതിമ്മൂന്നാംതീയതി ചില ഗോത്രങ്ങളും അവരെ അനുകൂലിക്കുന്ന ശത്രുക്കളും നമ്മുടെ ജനതയായ യഹൂദരെ നശിപ്പിക്കാനായി ഒത്തുചേരുന്നുവെന്നു നമുക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഒത്തുകൂടി ആക്രമണം നടത്തുന്നവരെ ജനങ്ങൾ കണ്ടെത്തണം. അവരുടെ പിടിയിൽനിന്ന് യഹൂദരെ രക്ഷിക്കാനുള്ള സഹായങ്ങൾ നല്കാൻ തയ്യാറാവണം. യഹൂദർക്ക് അവരുടെ വിശ്വാസമനുസരിച്ചു ജീവിക്കാനുള്ള അവകാശമുണ്ട്."

അധികാരം ആരെയും ഉപദ്രവിക്കാനുള്ള ഉപകരണമല്ല. അയോഗ്യമായി അധികാരം കൈയാളുന്നവൻ രാജ്യത്തിന് ആപത്താണ്. അവരുടെ വിനാശകരമായ പ്രവൃത്തികൾ ജനങ്ങളിൽ അന്തഃച്ഛിദ്രമുണ്ടാക്കും. ജനജീവിതം താളംതെറ്റും.

നമ്മുടെ പ്രജകളെ അങ്ങനെ ഞെരുക്കിക്കളയാൻ നാം ആരെയും അനുവദിക്കുകയില്ല. രാജ്യദ്രോഹികളെ ഇല്ലാതാക്കുന്നത് രാജ്യത്തിന്റെ ഐശ്വര്യമാണ്. അവരുടെ മധുരമായ വാക്കുകളിൽപ്പൊതിഞ്ഞ വാഗ്ദാനങ്ങൾ നിങ്ങളെ വഞ്ചിക്കും. അതിനുള്ളിൽ ആപത്തൊളിഞ്ഞിരിപ്പുണ്ട്. ജനങ്ങൾക്കെതിരേ മാത്രമല്ല, ഉപകാരികൾക്കെതിരേയും ഗൂഢാലോചന നടത്തുകയാണവർ ചെയ്യുന്നത്.

കൃതജ്ഞതയുടെ അർത്ഥം പോലും അറിയാത്തവരാണവർ.

അധികാരസ്ഥാനങ്ങളിൽ നിയുക്തരായവർ പലപ്പോഴും നിഷ്കളങ്കരുടെ രക്തം ചൊരിയാൻ കാരണക്കാരായിട്ടുണ്ട്. ഇവരുടെ മുഖമുദ്ര നീചമായ വഞ്ചനയാണ്.

അതുമൂലം അവർ പരമാധികാരികളുടെ ആത്മാർഥമായ സന്മനസ്സിനെയും കബളിപ്പിക്കുന്നു.

പുരാതനരേഖകളിൽ നാം വായിച്ചറിഞ്ഞതിനെക്കാൾ കൂടുതൽ വഞ്ചനയും ചതിയും ഇക്കാലത്തു വർധിച്ചിട്ടുണ്ട്. എല്ലാത്തരത്തിലുള്ള വിദ്രോഹപ്രവൃത്തികളും ഇല്ലാതാക്കി ഭാവിയിൽ നമ്മുടെ സാമ്രാജ്യത്തിലെ എല്ലാ ജനങ്ങളുടെയും ഇടയിൽ ശാന്തിയും സമാധാനവും പുലരാനാണ് നാം ആഗ്രഹിക്കുന്നത്. അതിനായി ഭരണരീതിക്കു മാറ്റംവരുത്താൻ നമുക്കു സന്തോഷമേയുള്ളൂ. കൺമുന്നിൽ എത്തുന്ന പ്രശ്നങ്ങളെ സമഭാവന നിറഞ്ഞ പരിഗണനയോടെ വിധിക്കാനാണു നാം തീരുമാനിക്കുന്നത്.

നിങ്ങൾക്കെല്ലാവർക്കും അറിയുന്നതുപോലെ ഹമ്മേദാഥായുടെ മകനും മക്കദോനിയക്കാരനും പേർഷ്യൻ രക്തത്തിന് അന്യനും വിരോധിയുമായ ഹാമാൻ ഇത്രയുംനാൾ നമ്മുടെ സന്മനസ്സ് ചൂഷണം ചെയ്ത് അനുഭവിക്കുകയായിരുന്നു. എല്ലാവരും അവനെ ബഹുമാനിച്ചു.

രാജസിംഹാസനത്തിന്റെ രണ്ടാം സ്ഥാനക്കാരനായിക്കണ്ട് കുമ്പിട്ടുവണങ്ങി.

എന്നാൽ, അധികാരത്തിന്റെ അഹങ്കാരത്താൽ മത്തുപിടിച്ച അവന്റെ ചിന്ത നമുക്കെതിരേ തിരിയാൻതുടങ്ങി. കാപട്യവും കൗശലവുംകൊണ്ട് നമ്മുടെ രക്ഷകനും ഉപകാരിയുമായ മൊർദെക്കായിയെയും നമ്മുടെ പ്രിയപ്പെട്ടവളും പട്ടമഹിഷിയുമായ എസ്തേറിനെയും അവരുടെ ജനങ്ങളെയും നശിപ്പിക്കാൻ അവൻ അവസരം ചോദിച്ചു.

അങ്ങനെ രാജ്യം അരക്ഷിതമാക്കാനും കലാപങ്ങൾ സൃഷ്ടിക്കാനും വഴിയൊരുക്കി. രാജ്യാധികാരം പേർഷ്യക്കാരിൽനിന്നു മക്കദോനിയരിലേക്കു പകരാനുള്ള ഉപായമായി അതിനെ മാറ്റി.

അതിനാൽ, ദേശദ്രോഹിയായ ഹാമാൻ നമ്മുടെ രാജമുദ്ര ചാർത്തി അയച്ച കത്തുകൾ നടപ്പിലാക്കാതിരിക്കാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ഇത്ര കഠിനമായ രാജ്യദ്രോഹം പ്രവർത്തിച്ച അവനെ, അർഹമായ ശിക്ഷവിധിച്ചു നഗരകവാടത്തിൽ കഴുവേറ്റിയ കാര്യം നിങ്ങൾക്കറിയാമല്ലോ."

കല്പന പ്രസിദ്ധീകരിച്ചതോടെ സൂസാനഗരമാകെ ആർപ്പുവിളികളുയർന്നു. എല്ലാവരും ആഹ്ലാദിച്ചു.

പ്രധാനസചിവനായ മൊർദെക്കായ് അധികാരചിഹ്നങ്ങളോടെ, നീലയും വെള്ളയും നിറമുള്ള രാജകീയവസ്ത്രവും സ്വർണക്കിരീടവും നേരിയ ചണനൂൽകൊണ്ടുള്ള ചുവന്ന മേലങ്കിയും ധരിച്ചു രാജകീയരഥത്തിൽ നഗരം ചുറ്റി.

ജീവൻ തിരിച്ചുകിട്ടിയതുപോലെ യഹൂദജനത ആശ്വസിച്ചു. രാജാവിന്റെ പ്രത്യേകസംരക്ഷണം ലഭിക്കുന്നതിനാൽ മറ്റുള്ളവരും പേടിമൂലം യഹൂദരാണ് ഞങ്ങളുമെന്ന് മേനിപറഞ്ഞു തുടങ്ങി. ഭാഷയിലും വേഷത്തിലും ആചാരങ്ങളിലുമെല്ലാം അവരെപ്പോലെയാകാനും സ്വന്തം അസ്തിത്വം മറച്ചുപിടിച്ച് മരണത്തിൽനിന്നു രക്ഷപ്പെടാനും ശ്രമിച്ചു.

അന്നത്തെ പട്ടാളനടപടിയിൽനിന്ന് ഹാമാന്റെ ഭാര്യ സേരെഷും പത്തു മക്കളും ഭാര്യമാരും ഓടിരക്ഷപ്പെട്ടിരുന്നു. അവർ അങ്ങകലെ വനമേഖലയിൽ ഒളിച്ചു. കുന്നുകളും ഉൾക്കാടുകളും ഗുഹകളും ഉള്ള ഇടുങ്ങിയ സ്ഥലം. അവിടെ താമസിച്ചുകൊണ്ട് ഹാമാന്റെ മക്കൾ അഹസ്വേരുസിനെതിരേ പടനയിക്കാൻ ഒരുക്കങ്ങൾ നടത്തി.

കാലങ്ങളോളം അവരുടെ വിശ്വസ്തരായി കഴിഞ്ഞിരുന്ന യോദ്ധാക്കളെയും മറ്റു പോരാളികളെയും വിളിച്ചുകൂട്ടി. അഗാഗു ഗോത്രജനങ്ങളെയും, പേർഷ്യൻ നിയമങ്ങളോടും ഭരണത്തോടും പൊതുവെ വിരോധമുള്ളവരെയും പലവിധ വാഗ്ദാനങ്ങൾ നല്കി ഒന്നിച്ചുചേർത്തു. കിട്ടാവുന്നിടത്തുനിന്നൊക്കെ ആയുധങ്ങളും ധനധാന്യങ്ങളും കൊള്ള ചെയ്തു.

എല്ലാ നീക്കങ്ങളുടെയും മുഖ്യആസൂത്രകൻ ഹാമാന്റെ മൂത്തപുത്രൻ പാർഷാൻദാഥായാണ്. ഒരു സമാന്തരഭരണകൂടം പോലെ പ്രവർത്തിച്ചു. ഭരണത്തിന്റെ രാജാവായി അവൻ സ്വയം അവരോധിച്ചു.

സങ്കേതത്തിൽ അനുചരന്മാരായി വന്നുചേർന്നവരോട് പാർഷാൻദാഥ പ്രഖ്യാപിച്ചു:

"ഇത് നമ്മുടെ ജീവന്മരണ പോരാട്ടമാണ്. മക്കദോനിയക്കാരായ നമ്മൾ പേർഷ്യൻ അധികാരത്തെ മാനിക്കുന്നില്ല. ഈ രാജാവിനെ താഴെ വീഴ്ത്തുംവരെ നമ്മുടെ പോരാട്ടം തുടരും. സ്വതന്ത്ര മക്കദോനിയയാണ് നമ്മുടെ ലക്ഷ്യം."

സഭാവാസികൾ ഉച്ചത്തിൽ വിളിച്ചുകൂവി.

"പാർഷാൻദാഥാ... പാർഷാൻദാഥാ..."

ഹാമാന്റെ നേതൃത്വത്തിൽ രാജാവിനെ തെറ്റിധരിപ്പിച്ച് പ്രസിദ്ധപ്പെടുത്തിയ രാജശാസനത്തിന്റെ സാരം അനുകൂലികളെ പറഞ്ഞു വ്യക്തമാക്കാനാണ് അയാൾ ഊന്നൽ നല്കിയത്.

നിയമം അങ്ങനെ സജീവമാക്കി നിർത്തുമ്പോൾ കുറെയധികം ഗോത്രവർഗക്കാർ തങ്ങളുടെ കൂടെച്ചേരാതിരിക്കില്ലെന്നാണ് സംഘത്തിന്റെ കണക്കുകൂട്ടൽ.

അതുവഴി പേർഷ്യാസാമ്രാജ്യത്തെ ശക്തിഹീനമാക്കാനും ജനങ്ങളെ രണ്ടുതട്ടിലാക്കാനും കഴിയുമെന്നുമാണ് തീവ്രവാദ സംഘത്തിന്റെ വിശ്വാസം.

(തുടരും)

*ഒന്നാം പേജ് തുടർച്ച*

# കരങ്ങൾ കോർക്കാം ആഗോളഭീകരതയ്ക്കെതിരേ

ഭരണഘടനയെ അട്ടിമറിച്ച് ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷത്തെ സംരക്ഷിക്കുന്ന നയമാണ് കാലങ്ങളായി രാഷ്ട്രീയനേട്ടത്തിനായി ഭരണാധികാരികൾ സ്വീകരിച്ചത്. ഇതിനായി കണ്ടുപിടിച്ച കുറുക്കുവഴിയാണ് ജനസംഖ്യയുടെ കുറവിന് അപ്പുറമുള്ള സാമൂഹികപിന്നാക്കാവസ്ഥ. സാമൂഹികപിന്നാക്കാവസ്ഥയുടെ ആഴമനുസരിച്ച് പട്ടികവിഭാഗങ്ങൾ, മറ്റു പിന്നാക്കവിഭാഗങ്ങൾ എന്ന് രണ്ടായി തിരിച്ചതുപോലെ പ്രജനന നിരക്ക്, ജനസംഖ്യാവളർച്ച, ജനസംഖ്യാ അനുപാതം എന്നിവയുടെ അടിസ്ഥാനത്തിൽ മതന്യൂനപക്ഷങ്ങൾക്കിടയിൽ മൈക്രോ മൈനോറിറ്റി എന്ന നിർവചനം അടിയന്തരമായിട്ടുണ്ടാകണം. ന്യൂനപക്ഷാവകാശങ്ങളോടൊപ്പം ഭരണഘടനവിഭാവനം ചെയ്യുന്ന ന്യൂനപക്ഷസംരക്ഷണം ഉറപ്പാക്കാൻ ഭരണസംവിധാനങ്ങൾക്കാകണം. പ്രത്യേകിച്ച്, അംഗബലം കുറയുന്ന മൈക്രോ മൈനോറിറ്റി വിഭാഗങ്ങളെ രാജ്യത്തിന്റെ മുഖ്യധാരയിൽ ചേർത്തുനിർത്തി സംരക്ഷിക്കണം. മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾക്ക് അവരുടെ സംസ്കാരം, വിശ്വാസം, മൂല്യങ്ങൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനുമുള്ള ഭരണഘടനാപരമായ അവകാശം, പലപ്പോഴും രാഷ്ട്രീയഭരണനേതൃത്വങ്ങളുടെ ധാർഷ്ട്യത്തിനുമുമ്പിൽ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ബലികഴിക്കേണ്ടിവരുന്നതിന്റെ അനന്തരഫലം ഭാവിയിൽ ഉയർത്തുന്ന വെല്ലുവിളി പലരും മറന്നുപോകുന്നു. കഷ്ടപ്പാടിന്റെയും നഷ്ടപ്പെടലിന്റെയും ലോകത്ത് അനേകരുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ബാക്കിപത്രമാണ് രാജ്യത്ത് പടുത്തുയർത്തിയിരിക്കുന്ന ക്രൈസ്തവരുടെ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹികസേവനസ്ഥാപനങ്ങളെന്നുള്ള ബോധ്യമില്ലായ്മയും വലിയ അപകടത്തിലേക്കാണു നയിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ന്യൂനപക്ഷപദവിപോലും നിർണയിക്കുന്നത് പഠിക്കുന്ന കുട്ടികളിൽ ഭൂരിപക്ഷവും അതേ മതന്യൂനപക്ഷ വിദ്യാർഥികളായാൽ മാത്രമേ ലഭ്യമാകൂ എന്ന സ്ഥിതിവിശേഷവും കടന്നുവരുന്നു. ഇതിന്റെ പ്രത്യാഘാതം അനുഭവിക്കുന്നത് വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിലെ നിരക്ഷരഗ്രാമീണസമൂഹമായിരിക്കുമെന്നു പറഞ്ഞ് ആശ്വസിക്കാൻ വരട്ടെ. കേരളവും ആ സ്ഥിതിയിലേക്കു വരികയാണ്.

ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിൽ മതപരിവർത്തനനിരോധനനിയമം അടിച്ചേല്പിച്ച് ക്രൈസ്തവന്യൂനപക്ഷത്തെ നിരന്തരം ആക്രമിക്കുന്ന ക്രൂരത ആവർത്തിക്കുന്നു. മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിട്ട് വിശ്വാസികളെ കള്ളക്കേസുകളിൽ കുടുക്കി ജയിലിലടയ്ക്കുന്നു. ജനിച്ചുവീണ മണ്ണ് ഉപേക്ഷിച്ച് ക്രൈസ്തവർ ചില സംസ്ഥാനങ്ങളിൽനിന്നു പലായനം ചെയ്യുന്നു. ആരാധനാലയങ്ങളും ക്രൈസ്തവസ്ഥാപനങ്ങളും അടിച്ചുതകർക്കുന്നു. കടന്നാക്രമങ്ങൾക്കെതിരേ നടപടികളില്ലാതെ ഭരണസംവിധാനങ്ങൾ ഒളിച്ചോട്ടം നടത്തുന്നു. ഭരണഘടനാദത്തമായ അവകാശങ്ങളുടെ ധ്വംസനമല്ലേ ഈ ക്രൂരതകൾ? മതപരിവർത്തന നിരോധനനിയമം ക്രൈസ്തവരെ ആക്രമിക്കാനുള്ള ലൈസൻസാണോ?

ഏതു മതത്തിലും വിശ്വസിക്കാൻ ഭരണഘടന വിഭാവനം ചെയ്യുന്ന പൗരാവകാശത്തെ ദളിതരായി എന്ന കാരണത്താൽ നിഷേധിക്കുകയും പതിറ്റാണ്ടുകളായി കോടതിവ്യവഹാരത്തിലേക്ക് ഇവരെ തള്ളിവിടുകയും ചെയ്യുന്നതു നീതികേടാണ്. സുപ്രീം




കോടതി മുൻ ചീഫ് ജസ്റ്റീസ് രംഗനാഥ് മിശ്ര അധ്യക്ഷനായി 2005 ൽ രൂപീകരിച്ച മത, ഭാഷാ, ന്യൂനപക്ഷ കമ്മീഷന്റെ റിപ്പോർട്ടിൽ മുസ്ലീം, ക്രിസ്ത്യൻ മതങ്ങളിലേക്കു പരിവർത്തനം ചെയ്യുന്ന ദളിത് വിഭാഗങ്ങൾക്ക് പട്ടികജാതി പദവി നൽകാൻ 2007 ൽ കമ്മീഷൻ സർക്കാരിനു നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. പിന്നീട് വീണ്ടും ഒരു പഠനക്കമ്മീഷനെ വച്ചിരിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യശുദ്ധിയും സംശയാസ്പദമാണ്.

2023 മേയ് 3 മുതൽ മണിപ്പുരിൽ ലോകമനഃസാക്ഷിയെ വെല്ലിവിളിച്ച് അരങ്ങേറിയ ക്രൂരതകൾക്ക് ഇന്നും ശമനമായിട്ടില്ല. വംശീയകലാപമെന്നു വ്യാഖ്യാനിക്കുന്നെങ്കിലും ഇരകളായി കൊലചെയ്യപ്പെട്ടവരിൽ ഏറെയും ക്രൈസ്തവരും തകർക്കപ്പെട്ടത് ക്രൈസ്തവദൈവാലയങ്ങളും സ്ഥാപനങ്ങളുമാണ്. സംസ്ഥാന ഭരണകൂടവും ഈ ക്രൂരത നേരിടുന്നതിലും അടിച്ചമർത്തുന്നതിലും പരാജയപ്പെട്ടു.

**ക്രൈസ്തവപഠന റിപ്പോർട്ടെവിടെ?**

ന്യൂനപക്ഷവിദ്യാർഥികൾക്കു നൽകുന്ന സ്കോളർഷിപ്പുകളിൽ വിവേചനം, ന്യൂനപക്ഷ ധനകാര്യസ്ഥാപനങ്ങളിൽ ഇരട്ടനയം എന്നിങ്ങനെ സർക്കാരിന്റെ ന്യൂനപക്ഷക്ഷേമവകുപ്പ് ക്രൈസ്തവരെ കറിവേപ്പിലയാക്കി വലിച്ചെറിയാൻ ശ്രമിച്ചപ്പോൾ സംസ്ഥാനത്തുടനീളമുണ്ടായ പ്രതിഷേധക്കൊടുങ്കാറ്റാണ് ക്രൈസ്തവരുടെ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളെക്കുറിച്ചു പഠിക്കാനും ക്ഷേമപദ്ധതികൾ നിർദേശിക്കാനും ജസ്റ്റിസ് ജെ.ബി.കോശി അധ്യക്ഷനായ മൂന്നംഗക്കമ്മറ്റിയെ 2020 നവംബർ 5 ന് സംസ്ഥാനസർക്കാർ നിയമിച്ചത്.

2021 ഫെബ്രുവരി 9 ന് കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തിയുള്ള സർക്കാർ ഉത്തരവുമിറങ്ങി. 2021 ജൂലൈ 30 നുള്ളിൽ സംസ്ഥാനത്തെ വിവിധ ക്രൈസ്തവവിഭാഗങ്ങളിൽനിന്നു നിർദേശങ്ങൾ സ്വീകരിക്കുകയും തുടർന്ന് വിവിധ കേന്ദ്രങ്ങളിൽ സിറ്റിങ് നടത്തുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 2021 ഫെബ്രുവരി 9 ലെ ഉത്തരവിലുണ്ടെങ്കിലും കൊവിഡ് പ്രതിസന്ധികളും സർക്കാരിൽനിന്നു കമ്മീഷനു നൽകേണ്ട അനുബന്ധക്രമീകരണങ്ങളുടെ കാലതാമസംമൂലവും റിപ്പോർട്ട് വൈകി രണ്ടര വർഷത്തിനുശേഷം 2023 മേയ് 17 ന് സർക്കാരിനു സമർപ്പിച്ചു.

ജെ.ബി.കോശി കമ്മീഷന്റെ ക്രൈസ്തവക്ഷേമപദ്ധതി നിർദേശങ്ങൾ മാത്രമല്ല, സംസ്ഥാനത്ത് കമ്മീഷൻ നടത്തിയ പഠനവും വളരെ പ്രാധാന്യമേറിയതാണ്. ഭരണസംവിധാനങ്ങൾ പൂർണറിപ്പോർട്ടു പുറത്തുവിടാതെ ഒളിച്ചോട്ടം നടത്തി അട്ടിമറിക്കാൻ ശ്രമിക്കുന്നതിൽ ദുരൂഹതയുണ്ട്. 2024 മാർച്ചിൽ റിപ്പോർട്ടിന്റെ നടത്തിപ്പിനായി മൂന്നംഗക്കമ്മിറ്റിയെ വച്ചു. എന്നിട്ടും തുടർനടപടികളില്ല.

**'കേരള സ്റ്റോറി' വിവാദം**

ഇന്ത്യയിലെ സെൻസർ ബോർഡ് അംഗീകരിച്ച് പ്രദർശനം അനുവദിച്ച സിനിമയാണ് കേരള സ്റ്റോറി. സർക്കാർ ചാനലായ ദൂരദർശനിലൂടെ പൊതുസമൂഹത്തിനൊന്നാകെ കാണാൻ അവസരമൊരുക്കിയ ഫിലിം. പ്രണയത്തിന്റെ പിന്നിലെ ചതിക്കുഴികൾ യുവതലമുറയെ ബോധ്യപ്പെടുത്താൻ ഇടുക്കി രൂപത വിശ്വാസപരിശീലന ഇന്റൻസീവ് കോഴ്സിൽ ഉയർന്ന ക്ലാസിലെ കുട്ടികൾക്കായി വിലയിരുത്തി പ്രതികരണമറിയിക്കാൻ ഈ സിനിമ പ്രദർശിപ്പിച്ചത് വിവാദമാക്കാൻ ശ്രമിക്കുന്നവരുടെ വിവരക്കേട് രാഷ്ട്രീയ അടിമത്തവും ഭീകരതയെ പുൽകലുമാണ്.

> സമൂഹത്തിൽ മതസൗഹാർദം സംരക്ഷിച്ചു നിലനിർത്താൻ എക്കാലവും ഉറച്ച നിലപാടെടുത്ത സമൂഹമാണ് ക്രൈസ്തവർ. സ്വന്തം മക്കളെ പ്രണയക്കെണികളെക്കുറിച്ചു ബോധവത്കരിച്ചാൽ മതസൗഹാർദം നഷ്ടപ്പെടുമെന്നു നാടുനീളെ വിലപിച്ചു വെല്ലുവിളിയുയർത്തുന്നവരാണ് സമൂഹത്തിൽ ഭിന്നിപ്പും വെറുപ്പും സൃഷ്ടിക്കുന്നവർ.

പ്രണയക്കെണികളെക്കുറിച്ചു കുട്ടികളെ ബോധവൽക്കരിച്ചാൽ മതസൗഹാർദം നഷ്ടപ്പെടുമെന്ന് ചാനൽ ചർച്ചകളിലും രാഷ്ട്രീയവേദികളിലും പുലമ്പുന്നവരാണ് ഈ നാട്ടിൽ അരാജകത്വത്തിന്റെ വിത്തുകൾ പാകുന്നത്. സമൂഹത്തിൽ മതസൗഹാർദം സംരക്ഷിച്ചു നിലനിർത്താൻ എക്കാലവും ഉറച്ച നിലപാടെടുത്ത സമൂഹമാണ് ക്രൈസ്തവർ. സ്വന്തം മക്കളെ പ്രണയക്കെണികളെക്കുറിച്ചു ബോധവത്കരിച്ചാൽ മതസൗഹാർദം നഷ്ടപ്പെടുമെന്നു നാടുനീളെ വിലപിച്ചു വെല്ലുവിളിയുയർത്തുന്നവരാണ് സമൂഹത്തിൽ ഭിന്നിപ്പും വെറുപ്പും സൃഷ്ടിക്കുന്നവർ. ഇവരാണ് നാശത്തിന്റെ വിത്തുവിതറുന്നവർ.

കേരള സ്റ്റോറി കേരളസമൂഹം കാണട്ടെ; വിലയിരുത്തട്ടെ. ഇതൊരു സിനിമയാണ്, ഡോക്യുമെന്ററിയല്ല. സിനിമയിലെ കഥാപാത്രങ്ങൾക്കു സമൂഹത്തിൽ നടക്കുന്ന ആനുകാലിക സംഭവങ്ങളുമായി ബന്ധം തോന്നിക്കുന്നെങ്കിൽ പരിഭവിച്ചിട്ടെന്തുകാര്യം? ഈ പരിഭവവും എതിർപ്പും ചൂണ്ടിക്കാട്ടുന്നത് കേരള സ്റ്റോറി യാഥാർഥ്യമാണെന്നല്ലേ? തെറ്റുകൾ ചൂണ്ടിക്കാട്ടുമ്പോൾ തിരുത്താൻ തയ്യാറാകാതെ എതിർത്തുതോല്പിക്കാൻ ശ്രമിക്കുന്നവർ ഭീകരവാദത്തെ പാലൂട്ടുന്നവർതന്നെ. ഈയവസ്ഥയിലേക്ക് ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ നേതാക്കളും ചാനൽ ജഡ്ജിമാരും തരംതാഴുന്നത് കേരളത്തിന്റെ സാമൂഹിക സാംസ്കാരിക അധഃപതനമാണ്.

**വിരട്ടൽ വിലപ്പോവില്ല**

ക്രൈസ്തവസഭകളുടെ ആഭ്യന്തര കാര്യമായ വിശ്വാസപരിശീലനത്തെപ്പോലും ചോദ്യം ചെയ്യാൻ ധൈര്യം കാണിക്കുന്ന ക്രൈസ്തവവിരുദ്ധകേന്ദ്രങ്ങൾ ശക്തിപ്രാപിക്കുന്നത് വെറുതെ നോക്കിയിരിക്കാനാവില്ല. ക്രൈസ്തവർക്കുനേരേ ഉറഞ്ഞുതുള്ളുന്നവർക്ക് മറ്റു മതസമൂഹങ്ങളുടെ മതപഠനത്തെ വിലയിരുത്താനുള്ള തന്റേടമുണ്ടോ? ഇവർ വിളമ്പുന്ന വിദ്വേഷങ്ങൾക്കും നൽകുന്ന ഭീകരവാദപരിശീലനങ്ങൾക്കും മുമ്പിൽ നട്ടെല്ലു വളഞ്ഞോ? സമാധാനവും സൗഹാർദവും ആഗ്രഹിക്കുന്ന ക്രൈസ്തവസമൂഹത്തിന്റെമേൽ എന്തുമാകാമെന്നു കരുതുന്നതു മൗഢ്യമാണ്. ക്രൈസ്തവവിശ്വാസിയുടെ നിശ്ശബ്ദതയിൽ അടിഞ്ഞുകൂടുന്ന കനലുകളുടെ കനം അളക്കാനാവാത്തതാണ്. ഒരു കാര്യം വ്യക്തം, കേരള സ്റ്റോറിക്കെതിരേ ശബ്ദിക്കുന്നവർ ഭീകരവാദത്തെ പുൽകുന്നവർതന്നെ. ആഗോളഭീകരവാദത്തിന്റെ അടിവേരുകളെവിടെയെന്ന് ജനമറിയുന്നതിൽ ഭയപ്പെടുന്നതെന്തിന്? യുവത്വത്തിന്റെ തിളപ്പിലും ആവേശത്തിലും ആകർഷണവലയിലും അകപ്പെട്ട് എല്ലാം നഷ്ടപ്പെടുന്നവരുടെ ചിത്രം വരച്ചുകാട്ടുമ്പോൾ മതവികാരം വ്രണപ്പെടുകയല്ല; ഇതല്ല തങ്ങളുടെ മതമെന്ന് വിളിച്ചുപറയുവാൻ തന്റേടം കാണിക്കുകയാണ് വിവരമുള്ള യഥാർഥമതസ്നേഹികൾ ചെയ്യേണ്ടത്. മനുഷ്യനെ നിർദാക്ഷിണ്യം കൊന്നൊടുക്കുന്ന ആഗോള ഭീകരതയ്ക്കെതിരേ സ്വരമുയർത്താനും യുവത്വത്തെ കശാപ്പുചെയ്യുന്ന കൊടുംക്രൂരതയ്ക്കെതിരേ പ്രതികരിക്കാനും മുന്നോട്ടു വരുകയാണു വേണ്ടത്. ■

# അക്കരപ്പച്ച തേടുന്നവർ



പ്രഫ. റോസ്‌ലിന്റ് ജോർജ്

**നീ**ണ്ട ഒരു ഇടവേളയ്ക്കുശേഷമാണ് പ്രിയ കൂട്ടുകാരി എന്നെ കാണാൻ വീട്ടിലേക്കു വന്നത്. കുശലാന്വേഷണങ്ങൾക്കുശേഷം അവളുടെ ആഗമനോദ്ദേശ്യം എന്നെ അറിയിച്ചു: മകൾ കല്യാണപ്രായമെത്തിയിരിക്കുന്നു. ബി.ടെക് കഴിഞ്ഞ് റിസൾട്ട് കാത്തിരിക്കുകയാണ്. എന്റെ ബന്ധത്തിലോ കൂട്ടുകാർക്കിടയിലോ നല്ല പയ്യന്മാരുണ്ടോ എന്നാണു ചോദ്യം. തെല്ലൊന്ന് ആലോചിച്ചിട്ടു ഞാൻ പറഞ്ഞു: എന്റെ ഒരു കസിന്റെ മകൻ തിരുവനന്തപുരത്തു ടെക്നോപാർക്കിലുണ്ട്. എഞ്ചിനീയറാണ്. എനിക്കറിയാവുന്നിടത്തോളം നല്ലൊരു പയ്യനാണ്. കൂട്ടുകാരി എടുത്തവായിലേ പറഞ്ഞു: "അയ്യോ മോൾക്കു നാട്ടിൽ ജോലിയുള്ളയാളെ വേണ്ട; ഫോറിൻ മതി. അവിടെയൊക്കെ ജീവിതം എത്ര അടിപൊളിയാണ്! സ്വർഗമല്ലേ! അതുകൊണ്ട്, ഫോറിൻ പ്രൊപ്പോസൽസ് മാത്രമേ നോക്കുന്നുള്ളൂ." അന്വേഷിക്കാം എന്നു പറഞ്ഞ് കൂട്ടുകാരിയെ ഞാൻ യാത്രയാക്കി.

രണ്ടുമാസം കഴിഞ്ഞുകാണും, കൂട്ടുകാരിയുടെ ഫോൺ കോൾ. അതീവസന്തോഷത്തോടെ അവൾ പറഞ്ഞു: മോൾക്കു കല്യാണമായി കേട്ടോ; ജർമനിയിലാണ് പയ്യന്റെ ജോലി. നേരിട്ടു കണ്ടിട്ടില്ല. വീട്ടുകാർ തമ്മിൽ ഇഷ്ടമായി. വീഡിയോ കോൾ വഴി സംസാരിക്കുകയും കാണുകയും ചെയ്തു. മകൾക്കും ഇഷ്ടമായി. അടുത്ത തിങ്കളാഴ്ച പയ്യനെത്തും. ചൊവ്വാഴ്ച പെണ്ണുകാണൽച്ചടങ്ങ്. വ്യാഴാഴ്ച കല്യാണനിശ്ചയം. ശനിയാഴ്ച ഒത്തുകല്യാണം. ഒന്നു വിളിച്ചു ചൊല്ലി തിങ്കളാഴ്ച കല്യാണം. കല്യാണം കഴിഞ്ഞ് മൂന്നാംനാൾ മോനു തിരിച്ചുപോകണം. ലീവില്ല. ആറുമാസം കഴിയുമ്പോൾ മോളെയും കൊണ്ടുപോകും. നീ തീർച്ചയായും കല്യാണത്തിനെത്തണം. വാട്സാപ്പിൽ കല്യാണക്കുറി അയച്ചേക്കാം.

എല്ലാം ഭംഗിയായി നടന്നു. ആഡംബരപൂർണമായ കല്യാണം. ഒരു സാമ്രാജ്യം നേടിയെടുത്ത സായുജ്യമായിരുന്നു മണവാട്ടിയുടെ മുഖത്ത്. അഭിമാനത്തോടെ അവളുടെ മാതാപിതാക്കന്മാർ വിരുന്നുകാർക്കിടയിൽ ഓടിനടന്നു സംസാരിച്ചു.

തിരക്കിനിടയിൽ കുറെനാൾ ഞങ്ങൾ തമ്മിൽ ബന്ധമുണ്ടായില്ല. എന്നാൽ, ഒരാഴ്ചമുമ്പ് നിനച്ചിരിക്കാതെ കൂട്ടുകാരി എന്നെ തേടിയെത്തി. അവൾ ഏറെ മാറിപ്പോയിരിക്കുന്നു. എന്തോ വലിയ പ്രശ്നം അവളെ അലട്ടുന്നുണ്ടെന്ന് ഒറ്റനോട്ടത്തിൽത്തന്നെ എനിക്കു മനസ്സിലായി. മുമ്പിൽ കൊണ്ടുവന്ന കാപ്പി യാന്ത്രികമായി കുടിച്ചുകൊണ്ട് അവൾ പറഞ്ഞു: "എനിക്കു നിന്നോടു കുറേ കാര്യങ്ങൾ സംസാരിക്കാനുണ്ട്."

കൂട്ടുകാരി പതിയെ തന്റെ മനസ്സു തുറന്നു: "നിനക്കറിയാല്ലോ, മകളുടെ കല്യാണം കഴിഞ്ഞിട്ട് ഒരു വർഷമേ ആകുന്നൊള്ളൂ. ഞങ്ങൾ വഞ്ചിക്കപ്പെട്ടു. എന്റെ മോൾ സ്വർഗത്തിലേക്കല്ല പോയത്, നരകത്തിലേക്കാണ്. ആദ്യരാത്രിയിൽത്തന്നെ തുടങ്ങി പ്രശ്നങ്ങൾ. കല്യാണത്തിന്റെ തിരക്കും ബഹളവുമൊക്കെ കഴിഞ്ഞ് കുളിച്ചൊരുങ്ങി മണിയറയിലേക്കു ചെന്ന അവൾ കണ്ടത് കൂർക്കംവലിച്ചുറങ്ങുന്ന തന്റെ ഭർത്താവിനെയാണ്. ഏറെ നിരാശ തോന്നിയെങ്കിലും തിരക്കുകൂടിയതിന്റെ ക്ഷീണം കൊണ്ടാവുമെന്ന് അവൾ കരുതി. രണ്ടാമത്തെ രാത്രിയിൽ 'അത്യാവശ്യമായി എനിക്കു കുറച്ചു ജോലിയുണ്ട്; നീ കിടന്നോളൂ' എന്നു പറഞ്ഞ് ലാപ്ടോപ്പുമായി മറ്റൊരു മുറിയിലേക്കു പോയി. അടുത്ത രാത്രിയിലും ഓഫീസ് വർക്കിന്റെ തിരക്കഭിനയിച്ച് മറ്റൊരു മുറിയിൽ. എല്ലാം ശരിയാകും; ആറുമാസം കഴിയുമ്പോൾ ജർമനിയിൽ ചെല്ലുമ്പോൾ എല്ലാം ശരിയാകുമെന്ന് അവൾ വിശ്വസിച്ചു. ഞങ്ങളാരോടും ഒന്നും പറഞ്ഞതുമില്ല.

ആറുമാസമായപ്പോൾ ജർമനിയിലേക്കു പോകാൻ അവൾക്കു സാധിച്ചു. ബി.ടെക്. റിസൾട്ടു വന്നു. നല്ല മാർക്കോടെ പാസ്സായി. ഭർത്താവിന്റെ നിർദേശപ്രകാരം ജർമൻഭാഷ കുറച്ചു കൈവശമാക്കിയിരുന്നു. ജർമനിയിൽ എയർപോർട്ടിൽ മകളെ സ്വീകരിക്കാൻ ഭർത്താവിനൊപ്പം ഒരു കൂട്ടുകാരനെയും കണ്ടു. പേരുകൊണ്ട് ആളൊരു മുസ്ലീം സമുദായാംഗമാണെന്നു മനസ്സിലായി. ഫ്ളാറ്റിലെത്തിയപ്പോൾ അവിടുത്തെ സൗകര്യങ്ങളെക്കുറിച്ചും, മറ്റുള്ളവരോടു പെരുമാറേണ്ട രീതികളെക്കുറിച്ചും തുടർന്നു പഠിക്കേണ്ടതിനെക്കുറിച്ചും ഒരു താത്കാലികജോലി തരപ്പെടുത്തുന്നതിനെക്കുറിച്ചുമൊക്കെ സംസാരിച്ചു. കൂടെ ഒന്നുകൂടി പറഞ്ഞു, നാട്ടിൽ അവളുടെ പേരിലിട്ടിരിക്കുന്ന ബാങ്ക് ഡെപ്പോസിറ്റ് പിൻവലിച്ച് ജർമൻ കറൻസിയായി മാറ്റുന്നതിനെക്കുറിച്ച്. അടുക്കളയിൽ ഏറെ സ്നേഹത്തോടെ ഭക്ഷണം പാകം ചെയ്ത് ഭർത്താവിനായി വിളമ്പി. രാത്രിയായപ്പോൾ 'എനിക്കു നൈറ്റ് ഷിഫ്റ്റാണ് നീ ഉറങ്ങിക്കോളൂ' എന്നു പറഞ്ഞ് പുറത്തേക്കു പോയി. പേടിക്കാനൊന്നുമില്ല; നമ്മൾ രണ്ടാൾക്കും വാതിൽ തുറക്കാനാവും എന്നു പറഞ്ഞുകൊണ്ട് അതിന്റെ രീതിയും കാണിച്ചശേഷമാണ് പുറത്തേക്കു പോയത്.

ജർമനി എന്ന വികസിതരാജ്യത്തെ ആദ്യത്തെ രാത്രി. ഏകയായി അവൾ. എന്തു ചെയ്യണം, ആരോടിതൊക്കെ പറയണം. രാവിലെ എണീറ്റ് പ്രഭാതഭക്ഷണമൊക്കെ ഒരുക്കി അവൾ ഭർത്താവിനായി കാത്തിരുന്നു. രാവിലെ പത്തരയോടെ അയാൾ തിരിച്ചെത്തി: നീ കഴിച്ചില്ലേ? ഞാൻ കഴിച്ചു; ഇവിടെ ആരും ആരെയും നോക്കിയിരിക്കാറില്ല. അവനവനു വേണ്ടത് ഉണ്ടാക്കിക്കഴിക്കും. നാട്ടിലേതുപോലെ വിഭവസമൃദ്ധമൊന്നുമല്ല. ബ്രഡ്,



ചീസ്, ഓംലറ്റ്, പഴങ്ങൾ ഇതൊക്കെ മതി. റെഡിയായിക്കോ, നമുക്കൊന്നു പുറത്തുപോകണം. നിനക്കൊരു ജോലി ശരിയായിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ ഏറെ ആശ്വാസം തോന്നി. ഭർത്താവ് അവളെ ഒരു ഡേകെയർ സെന്ററിലേക്കാണു കൊണ്ടുപോയത് (പകൽസമയത്ത് കുഞ്ഞുങ്ങളെ നോക്കുന്ന ആയയുടെ പണി). എന്തു പണിയുമാവട്ടെ, ഇപ്പോൾ അതൊരു വലിയ ആശ്വാസമാകുമെന്ന് അവൾ കരുതി.

തിരികെപ്പോരുമ്പോൾ ഒരു പള്ളി കാണാനിടയായി. അവിടെ ഒന്നു കയറണമെന്ന് അവൾ പറഞ്ഞപ്പോൾ 'നീ കയറിക്കോളൂ' എന്നു പറഞ്ഞു പള്ളിയുടെ വശത്തായി കാർ പാർക്കു ചെയ്തു. താമസിക്കുന്ന ഫ്ളാറ്റിൽനിന്ന് അരക്കിലോമീറ്ററേ ദൂരം കാണൂ. അതൊരു വലിയ ആശ്വാസമായി അവൾക്കു തോന്നി.

ജീവിതം മുമ്പോട്ടു പോയി. രാത്രി ഏറെ വൈകിവരുന്ന ഭർത്താവ്. ജിമ്മിൽ പോകുന്നുണ്ടത്രേ. അന്യയായ ഒരു സ്ത്രീ വീട്ടിൽ താമസിക്കുന്നു എന്നതിൽ കവിഞ്ഞ് യാതൊരു ബന്ധവുമില്ല. ഡേകെയറിലെ കുഞ്ഞുങ്ങളുടെ മുഖം ഏറെ ആശ്വാസമായി. ജർമൻഭാഷ കുറച്ചറിയാവുന്നതുകൊണ്ട് കുഞ്ഞുങ്ങളെ ലാളിക്കാൻ പഠിച്ചു. ഞായറാഴ്ചകളിൽ തനിയെ പള്ളിയിൽ പോയി. ഇതിനിടയിൽ ബാങ്കുനിക്ഷേപം മാറ്റുന്നതിനെക്കുറിച്ച് ഭർത്താവ് ഓർമിപ്പിച്ചു. അപ്പനോടും അമ്മയോടും ചോദിക്കണ്ടേ എന്നു ചോദിച്ചപ്പോൾ വളരെ ഗൗരവത്തോടെ 'ഇനി ഞാനാണു തീരുമാനിക്കുന്നത്' എന്നു പറഞ്ഞു. അവരോടു പറയാതെ ഞാനൊന്നും ചെയ്യില്ല എന്നു പറഞ്ഞപ്പോൾ അടിക്കാനായി കൈയോങ്ങി.

യാദൃച്ഛികമായിട്ടാണ് അതു സംഭവിച്ചത്. തലേന്ന് തെല്ലും ഉറങ്ങാത്തതുകൊണ്ടാവും, ഭയങ്കര തലവേദന. ഡേകെയറിൽനിന്നു ലീവ് എടുത്ത് ഫ്ളാറ്റിൽ തിരിച്ചുവന്നു. അപ്പോഴാണ് ബഡ്റൂമിൽനിന്ന് എന്തോ ശബ്ദം കേട്ടത്. ദൈവമേ, വല്ല മോഷ്ടാക്കളും? ഇടയ്ക്ക് ഭർത്താവിന്റെ സ്വരം പോലെ എന്തോ സംഭാഷണം. അവൾ ഓരം ചേർന്ന് ബഡ് റൂമിലേക്കു നോക്കി. ഇടിവെട്ടേറ്റതുപോലെയായി. ബഡ്ഡിൽ തന്റെ ഭർത്താവും എയർപോർട്ടിൽ കണ്ട ആ കൂട്ടുകാരനും ഭാര്യാഭർത്താക്കന്മാരെപ്പോലെ. സ്വവർഗാനുരാഗത്തെക്കുറിച്ചും സ്വവർഗരതിയെക്കുറിച്ചുമൊക്കെ എങ്ങോ വായിച്ചത് ഓർമ വന്നു. കേരളത്തിൽ വച്ചു കണ്ട ഒരു സിനിമയും മനസ്സിലേക്കോടിയെത്തി. തന്റെ ഭർത്താവ് മനോവൈകല്യമുള്ളയാൾ തന്നെ. വെറുതെ യല്ല, തന്റെ സാമീപ്യം അയാൾ ഇഷ്ടപ്പെടാത്തത്. എത്രയും പെട്ടെന്ന് ഫ്ളാറ്റിനു പുറത്തുപോകണം. തന്നെ കണ്ടാൽ അപകടമാണ്. രണ്ടു പുരുഷന്മാരാണ് അകത്ത്. ശബ്ദമുണ്ടാക്കാതെ അവൾ ഫ്ളാറ്റിനു പുറത്തിറങ്ങി. ലിഫ്റ്റിലൂടെ ഗ്രൗണ്ടിലെത്തി. ഇനി എന്തു ചെയ്യും? നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ച് അവൾ പള്ളിയെ ലക്ഷ്യമാക്കി നടന്നു. അവിടെ ക്രിസ്തുരൂപത്തിനു മുമ്പിൽ ഏങ്ങിക്കരഞ്ഞു. ഒരു ഉൾവിളി എന്നതുപോലെ വീട്ടിലേക്കു വിളിക്കൂ എന്നൊരു ശബ്ദം അവൾ കേട്ടു. ഇനി ഒന്നും ആരോടും മറച്ചുവയ്ക്കുന്നില്ല; പേരൻസിനോടു പറയാം. ബാഗിൽനിന്നു മൊബൈൽ ഫോണെടുത്ത് അവൾ എന്നെ വിളിച്ചു. എന്തുണ്ടു മോളെ വിശേഷം എന്നു ചോദിച്ചപ്പോൾ പപ്പായെക്കൂടി വിളിക്കൂ; എനിക്ക് അത്യാവശ്യമായ കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട് എന്നു പറഞ്ഞു. എന്തോ പന്തികേടു തോന്നി പെട്ടെന്നു പപ്പായും വന്നു. ഫോൺ ലൗഡ് സ്പീക്കറിലിട്ടു ഞങ്ങൾ രണ്ടുപേരോടുമായി നടന്നതെല്ലാം വിശദമായി പറഞ്ഞു.

ഷോക്കേറ്റതുപോലെയായി ഞങ്ങൾ. പപ്പായുടെ മുഖം വിളറുന്നതു ഞാൻ കണ്ടു. എങ്കിലും ധൈര്യമവലംബിച്ച് മോൾ സമാധാനമായിരിക്കൂ; അവിവേകമൊന്നും കാണിക്കരുത്; ഞങ്ങളുണ്ട് നിന്റെകൂടെ; ഭർത്താവിന് യാതൊരു സംശയവും തോന്നാത്തവിധം നീ പെരുമാറണം, നാളെ ഈ സമയത്തു വിളിക്കും ലൈനിലുണ്ടാവണം എന്നും ഓർമിപ്പിച്ചു.

പപ്പാ നേരേ പോയത് പള്ളിയിലേക്കാണ്. വികാരിയച്ചനെ കണ്ടു കാര്യമെല്ലാം പറഞ്ഞു. അച്ചന്റെ നിർദേശപ്രകാരം ഒരു സൈക്കോളജിസ്റ്റിനെയും കണ്ടു. മോളുടെ ജീവിതം അവിടെ സുരക്ഷിതമല്ല എത്രയും വേഗം മടക്കിക്കൊണ്ടുവരണം എന്നാണ് രണ്ടുപേരും നിർദേശിച്ചത്. ഉടൻതന്നെ ചില ട്രാവൽഏജൻസികളുമായി ബന്ധപ്പെട്ട് വിമാനടിക്കറ്റ് ഏർപ്പെടുത്താനും തീരുമാനിച്ചു. പിറ്റേന്നു പറഞ്ഞതുപോലെ മോളെ വിളിച്ചു. ടിക്കറ്റ് ശരിയാക്കി മെയിലു ചെയ്യുമെന്നും ഭർത്താവിന് യാതൊരു സംശയവും തോന്നാത്തവിധം അവിടെനിന്നു പോരണമെന്നുമായിരുന്നു നിർദേശം. നാലുദിവസംകൊണ്ട് എയർടിക്കറ്റ് ശരിയാക്കി മെയിൽ ചെയ്തു. അവൾ ബുദ്ധിപൂർവം അവളുടെ സർട്ടിഫിക്കറ്റ്സും, പാസ്പോർട്ടുമൊക്കെ ഡേകെയർ സെന്ററിലെ ക്യാബിനിലേക്കു മാറ്റി. അവിടെ ലീവ് ആപ്ലിക്കേഷനും കൊടുത്തു.

പോരേണ്ട ദിവസം എന്നത്തേതുപോലെ അവൾ ഫ്ളാറ്റു വിട്ടിറങ്ങി. സെന്ററിൽ ചെന്ന് ചെറിയ ബാഗെടുത്ത് ഒരു ബസ്സിൽ കയറി അവൾ എയർപോർട്ടിലെത്തി. മൂന്നു കണക്ഷൻ ഫ്ളൈറ്റുകളാണ്: ജർമനിയിൽനിന്നു യു.കെ.യിലേക്ക്, അവിടെനിന്നു ദുബായ്ക്ക്, അവിടെനിന്നു തിരുവനന്തപുരത്തേക്ക്. എയർപോർട്ടിൽനിന്നു നേരേ ഒരു കൗൺസലിങ് സെന്ററിലേക്കാണ് അവളെ കൊണ്ടുപോയത്. അവിടെ രണ്ടാഴ്ച; ഞങ്ങളും ഒപ്പം താമസിച്ചു. ഇപ്പോൾ മോൾ വീട്ടിലുണ്ട്; ഒന്നിനും ഒരു താത്പര്യമില്ല. ഞങ്ങളെ തൃപ്തിപ്പെടുത്താൻ എന്തൊക്കെയോ ചെയ്യുന്നു.

കൂട്ടുകാരി പറഞ്ഞവസാനിപ്പിച്ചപ്പോൾ എനിക്കും നിയന്ത്രിക്കാനായില്ല. നിറകണ്ണുകളോടെ അവളെ പറഞ്ഞയച്ചപ്പോൾ ആ പഴമൊഴി ഞാൻ ഓർമിച്ചു: മിന്നുന്നതെല്ലാം പൊന്നല്ല.

■

12 ഇസ്രയേലിന്റെ വഴികളിലൂടെ

# ബലിമൃഗങ്ങളാകാൻ വിധിക്കപ്പെട്ടവർ



തോമസ് കുഴിഞ്ഞാലിൽ

എ ഡി 66 മുതൽ ഏഴു വർഷം നീണ്ടുനിന്ന ആദ്യ യഹൂദ-റോമൻ യുദ്ധത്തിൽ ആകെ 11 ലക്ഷം യഹൂദരുടെ ജീവൻ നഷ്ടപ്പെട്ടുവെന്നാണ് ഫ്ളാവിയസ് ജോസഫാസിന്റെ നേർസാക്ഷ്യം. പതിനായിരങ്ങളെ അടിമകളായി വിറ്റഴിച്ചു. ഒരു ലക്ഷം പേരെ തടവുകാരായി റോമിലേക്കു കൊണ്ടുപോയി. ദൈവാലയത്തിൽനിന്നു കവർന്നെടുത്ത അമൂല്യമായ വിശുദ്ധവസ്തുക്കളും റോമിലേക്കു കടത്തി. ദൈവാലയമുൾപ്പെടെ സർവതും നഷ്ടപ്പെട്ട ലക്ഷക്കണക്കിനു യഹൂദർ വിശുദ്ധനാടുകളിൽനിന്നു പലായനം ചെയ്തു.

റോമൻസൈന്യം കവർച്ച ചെയ്തും ചുട്ടെരിച്ചും നിലംപരിശാക്കിയ നഗരത്തെയോർത്തുള്ള യേശുവിന്റെ വിലാപം സുവിശേഷകരായ മത്തായിയും ലൂക്കായും രേഖപ്പെടുത്തിയിട്ടുള്ളത് വിശുദ്ധനഗരത്തെ യേശു എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നതിനു തെളിവാണ്: ജറുസലെം, ജറുസലെം, പ്രവാചകന്മാരെ വധിക്കുകയും നിന്റെയടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ വിസമ്മതിച്ചു. ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവുമായിരിക്കുന്നു (മത്തായി 23:37-38, ലൂക്കാ 13:34-35).

എ ഡി 69 ൽ ചക്രവർത്തിയായി അധികാരമേറ്റ വെസ്പാസിയന്റെ ആദ്യദൗത്യം ആഭ്യന്തരകലാപത്തിൽ മുങ്ങിയ റോമാസാമ്രാജ്യത്തിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുകയെന്നതായിരുന്നു. വിവിധ പ്രോവിൻസുകളിലെ ഗവർണർമാരെയും സേനാധിപന്മാരെയും സൈനികരെയും മാത്രമല്ല, എഴുത്തുകാരെയും കലാകാരന്മാരെയും പാരിതോഷികങ്ങൾ നല്കി ആദരിച്ചു. നികുതിയിളവുകൾ നല്കി സാധാരണക്കാരുടെ പ്രീതി സമ്പാദിച്ചു. എ ഡി 64 ലെ അഗ്നിബാധയിൽ നശിച്ച പ്രദേശങ്ങളിൽ നേരിട്ടെത്തി പുനരുദ്ധാരണപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി. റോഡുകളും പാലങ്ങളും നിർമിച്ച് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ചുരുക്കത്തിൽ, റോമാസാമ്രാജ്യത്തിന്റെ രക്ഷകനായി വെസ്പാസിയൻ വിശേഷിപ്പിക്കപ്പെട്ടു.

**ബലിമൃഗങ്ങൾ**

വെസ്പാസിയൻ ചക്രവർത്തി ലോകശ്രദ്ധ പിടിച്ചുപറ്റിയത് 'കൊളോസിയം' എന്ന രണഭൂമികയുടെ നിർമാതാവ് എന്ന നിലയിലാണ്. യൂദയായിൽനിന്നു തടവുകാരായി റോമിലെത്തിച്ച ഒരുലക്ഷം യഹൂദരെ ഉപയോഗിച്ചു പണിതുയർത്തിയ കൊളോസിയത്തിന് 157 അടിയായിരുന്നു ഉയരം (ഇപ്പോഴത്തെ 15 നിലക്കെട്ടിടത്തിനു തുല്യം) കോൺക്രീറ്റും കല്ലും തടിയും മാർബിളും ചുണ്ണാമ്പുമിശ്രിതവും ഉപയോഗിച്ച് ഏഴു നിലകളിൽ ഉയർത്തിക്കെട്ടിയ കൊളോസിയം പുരാതനലോകത്തെ ഏറ്റവും വലിയ സ്റ്റേഡിയം എന്നതിലുപരി ഏഴു ലോകാദ്ഭുതങ്ങളിലൊന്നായി ഇപ്പോഴും കണക്കാക്കപ്പെടുന്നു. എ ഡി 70 ൽ നിർമാണം തുടങ്ങിയെങ്കിലും മുഴുവൻ പണികളും പൂർത്തിയാക്കാൻ 12 വർഷമെടുത്തു. 50,000 മുതൽ 80,000 വരെ കാണികളെ ഉൾക്കൊള്ളാൻ കൊളോസിയത്തിനു കഴിയുമായിരുന്നു.

നീറോയുടെ 'സുവർണ കൊട്ടാരം' നിന്നിരുന്ന അതേ സ്ഥാനത്തു തന്നെയാണ് കൊളോസിയം നിർമിച്ചത്. കൊട്ടാരത്തിനടുത്തുണ്ടായിരുന്ന കൃത്രിമത്തടാകം മണ്ണുകൊണ്ടും കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾക്കൊണ്ടും മൂടി. നീറോ സ്ഥാപിച്ചിരുന്ന ഭീമാകാരമായ സ്വന്തം പ്രതിമയോടു ചേർത്താണ് 'കൊളോസിയം' എന്ന പേരിന്റെ ഉദ്ഭവം. അടിമകളായി വില്ക്കപ്പെട്ടവരുടെയും തടവുകാരായി പിടിക്കപ്പെട്ടവരുടെയും മരണത്തിനു വിധിക്കപ്പെട്ട കുറ്റവാളികളുടെയും ഇടയിലുള്ള മല്ലന്മാരുടെ ദ്വന്ദ്വയുദ്ധത്തിനുള്ള പ്രധാന വേദിയായിരുന്നു കൊളോസിയം. പോരാളികളിലൊരാൾ മരിച്ചുവീഴുംവരെ ഈ ചോരക്കളി തുടരും. ദിവസങ്ങളോളം പട്ടിണിക്കിട്ട വന്യമൃഗങ്ങളെ കളിസ്ഥലത്തേക്കു തുറന്നുവിട്ട് മനുഷ്യന്റെ ജീവനെടുക്കുന്നതും സാധാരണയായിരുന്നു. 'ഗ്ലാഡിയേറ്റർ' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മല്ലയുദ്ധക്കാർ കാണികളെയും ചക്രവർത്തിയെയും ഒരുപോലെ ഹരംപിടിപ്പിച്ചിരുന്നു. ബിസി 246 മുതൽ ഇത്തരം വിനോദങ്ങൾ റോമാസാമ്രാജ്യത്തിൽ നിലവിലുണ്ടായിരുന്നുവെന്നാണ് ചരിത്രം.

ഏറ്റവും പ്രശസ്തനായ ഗ്ലാഡിയേറ്ററായി അറിയപ്പെടുന്നത് സ്പാർട്ടക്കസാണ്. ഗ്രീസിലെ ത്രേസിൽനിന്നുള്ള ധീരനായ ഈ പോരാളി റോമൻ സൈന്യത്തിൽനിന്ന് ഒളിച്ചോടി സാമ്രാജ്യത്തിന്റെ ദുഷ്ചെയ്തികൾക്കെതിരേ പോരാടിയ 70 അംഗ ഗ്ലാഡിയേറ്റർ സംഘത്തിന്റെ നേതാവായിരുന്നു. സ്പാർട്ടക്കസിനെയും സഹചരരെയും അവരെ പിന്തുണച്ച 6,000 അനുയായികളെയും ബന്ധനസ്ഥനാക്കിയ സൈന്യം, കാപ്പുവപട്ടണം മുതൽ റോമാനഗരംവരെയുള്ള 192 കിലോമീറ്റർ ദൂരമുള്ള പൊതുനിരത്തിന്റെ ഇരുവശങ്ങളിലുമായി അവരെ കുരിശിൽ തറച്ചുകൊല്ലുകയായിരുന്നു. ബിസി 71 ലായിരുന്നു ആ ചരിത്രസംഭവം. (സ്പാർട്ടക്കസിന്റെ ജീവചരിത്രം അതേ പേരിൽ ചലച്ചിത്രമാക്കിയിട്ടുണ്ട്.)

സാമ്രാജ്യത്തിനെതിരേ യുദ്ധം ചെയ്ത യഹൂദനേതാക്കന്മാരെയെല്ലാം തടവുകാരാക്കി റോമിലെത്തിച്ചശേഷം മൃഗങ്ങൾക്കെറിഞ്ഞു കൊടുക്കുകയോ ക്രൂശിക്കുകയോ ചെയ്തു. യുദ്ധകാലത്ത് യൂദയായിൽനിന്നു പിടികൂടിയ വിപ്ലകാരികളെ ദിവസവും 500 പേരെയെങ്കിലും ശരാശരി കുരിശിൽ തറച്ചിരുന്നുവെന്ന് ജോസഫസ് രേഖപ്പെടുത്തിയിട്ടുണ്ട്.



*റോമൻ കൊളോസിയം*

യൂദയായും ഗലീലിയുമടങ്ങിയ വിശുദ്ധനാടുകൾ പൂർണമായി കീഴടക്കിയശേഷം എ ഡി 71 ൽ റോമിലെത്തിയ ടൈറ്റസിന് വെസ്പാസിയന്റെ നേതൃത്വത്തിൽ വമ്പിച്ച സ്വീകരണമാണു നല്കിയത്. ജറുസലെം ദൈവാലയത്തിൽനിന്നും സിനഗോഗുകളിൽനിന്നും കവർന്നെടുത്ത ദശലക്ഷക്കണക്കായ പണവും വിലയേറിയ വിശുദ്ധവസ്തുക്കളും പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു അവർ നഗരവീഥികളിലൂടെ നീങ്ങിയത്. ശുദ്ധമായ സ്വർണത്തിൽ തീർത്ത ഏഴു തണ്ടുകളുള്ള വിശുദ്ധവിളക്കായിരുന്നു (മെനോര) പൂജ്യവസ്തുക്കളിൽ ഏറ്റവും പ്രധാനപ്പെട്ടത്. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ആയിരക്കണക്കിനു യഹൂദതടവുകാർ നിരനിരയായി പിന്നാലെയുണ്ടായിരുന്നു. വിശുദ്ധവസ്തുക്കൾ വിറ്റുകിട്ടിയ പണവും തടവുകാരെ അടിമകളായി കച്ചവടം ചെയ്തുകൂട്ടിയ സമ്പത്തും കൊളോസിയത്തിന്റെ നിർമാണത്തിനായി ചെലവഴിച്ചുവെന്നാണു നിഗമനം.

വെസ്പാസിയന്റെ പ്രശസ്തമായ മറ്റൊരു നിർമിതി കൊളോസിയത്തിനഭിമുഖമായി പണിതീർത്ത 'സമാധാനക്ഷേത്ര'മായിരുന്നു. 'പാക്സ്' എന്ന റോമൻദേവതയുടെ പേരിലുള്ള ഈ ക്ഷേത്രത്തിൽ മെനോരയും കാഴ്ചയപ്പത്തിന്റെ മേശയും ബലിയർപ്പണത്തിനുള്ള വെള്ളിപ്പാത്രങ്ങളും വെള്ളിയിൽ തീർത്ത കുഴലൂത്തുപകരണങ്ങളുമെല്ലാം പ്രദർശിപ്പിച്ചത് യഹൂദജനത്തെ അപമാനിക്കുന്നതിനു തുല്യമായി. എ ഡി 192 ലുണ്ടായ വൻ അഗ്നിബാധയിൽ ക്ഷേത്രത്തിന്റെ ഏതാനും തൂണുകളൊഴികെ ബാക്കിയെല്ലാം കത്തിനശിച്ചു. 1349 സെപ്റ്റംബർ 9-ാം തീയതിയും 1703 ഫെബ്രുവരി 2-ാം തീയതിയുമുണ്ടായ രണ്ടു ഭൂചലനങ്ങളിൽ കൊളോസിയത്തിനു കാര്യമായ ക്ഷതമേറ്റു. ഫ്ളാവിയൻ രാജവംശത്തിന്റെ സ്ഥാപകനായ വെസ്പാസിയൻ നിർമിച്ചതിനാൽ 'ഫ്ളാവിയൻ ആംഫിതീയേറ്റർ' എന്നും കൊളോസിയം അറിയപ്പെടുന്നുണ്ട്.

വെസ്പാസിയന്റെ മരണശേഷം ചക്രവർത്തിക്കിരീടമണിഞ്ഞ ടൈറ്റസാണ് എ ഡി 80 ൽ വിവിധ മത്സരങ്ങൾക്കായി കൊളോസിയം ഔദ്യോഗികമായി തുറന്നുകൊടുത്തത്. ഉദ്ഘാടനച്ചടങ്ങുകൾമുതൽ ഓരോ മത്സരവും ആസ്വദിച്ചുകൊണ്ട് ടൈറ്റസ് 100 ദിവസം കൊളോസിയത്തിൽ ചെലവഴിച്ചതായും പറയപ്പെടുന്നുണ്ട്. എ ഡി 79 ലെ വെസൂവിയസ് അഗ്നിപർവതസ്ഫോടനസമയത്തും എ ഡി 80 ൽ റോമാനഗരത്തിൽ തീ പടർന്നപ്പോഴും തികഞ്ഞ ഔദാര്യത്തോടും കരുണയോടുംകൂടി ടൈറ്റസ് ജനങ്ങളോടൊപ്പം നിന്നതായും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടുവർഷംമാത്രം ഭരണത്തിലിരുന്ന് എ ഡി 81 ൽ പനിബാധിച്ച് ആകസ്മികമായി അന്തരിച്ച ടൈറ്റസിന്റെ പിൻഗാമിയായ അദ്ദേഹത്തിന്റെ അനുജൻ ഡൊമിഷ്യൻ ക്രൂരതയുടെ പര്യായമായി വിശേഷിപ്പിക്കപ്പെട്ട ചക്രവർത്തിയാണ്. റോമാസാമ്രാജ്യത്തിനെതിരേ ശബ്ദമുയർത്താൻപോലും കെല്പില്ലാതെ യഹൂദജനത്തെ അടിച്ചമർത്തിയ ജ്യേഷ്ഠന്റെ ഓർമയ്ക്കായി പ്രധാനതെരുവീഥിയായ 'വിയാ സാക്ര' അവസാനിക്കുന്നിടത്ത് 50 അടി ഉയരമുള്ള മാർബിളിൽ തീർത്ത ഒരു കവാടം സ്ഥാപിച്ചത് ഡൊമിഷ്യനാണ്. അപമാനഭാരം പേറിയ ഒരു യഹൂദനും ഈ കവാടത്തിനടിയിൽക്കൂടി സഞ്ചരിക്കാൻ കൂട്ടാക്കിയിരുന്നില്ല എന്നും പറയപ്പെടുന്നുണ്ട്. മെനോരയും വഹിച്ചുകൊണ്ടു റോമിലേക്കു സഞ്ചരിക്കുന്ന സൈനികരുടെ ചിത്രം കവാടത്തിനുമേൽ ആലേഖനം ചെയ്തിരുന്നത് റോമിൽ സന്ദർശനം നടത്തുന്നവർക്ക് ഇന്നും കാണാനാകും.

(തുടരും)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 9 Date of Publication 2 May 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# ഇതു പഠിക്കാതെ വിവാഹം ചെയ്യരുത് !

**നിങ്ങളുടെ ജീവിതം സ്വച്ഛമായി മുന്നോട്ട് ഒഴുകണമെങ്കിൽ കുറച്ച് സ്വഭാവശാസ്ത്രംകൂടി നിങ്ങൾ പഠിക്കണം**



**വി**വാഹം ചെയ്യാൻ പേടിയും മടിയും പ്രകടിപ്പിക്കുന്ന മക്കളെക്കുറിച്ചു സങ്കടം പറഞ്ഞു കൊണ്ട്, എന്നെ വിളിക്കുന്ന മാതാപിതാക്കളുടെയും, അവരുടെ വേണ്ടപ്പെട്ടവരുടെയും എണ്ണം ഏതാനുംവർഷങ്ങളായി കൂടിക്കൂടി വരുന്നു.

ഉയർന്ന വിദ്യാഭ്യാസവും മികച്ച ജോലിയുംമാത്രം ലക്ഷ്യം വച്ചു, യാതൊരു ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അറിയിക്കാതെ മക്കളെ പഠിപ്പിച്ചു. കുട്ടികൾ അവശ്യം പരിശീലിച്ചിരിക്കേണ്ട കാര്യങ്ങൾ പലതും, മക്കൾക്കുവേണ്ടി മാതാപിതാക്കൾതന്നെ ചെയ്തു കൊടുത്തു വളർത്തി.

പക്ഷേ, ഈ മക്കൾ അവരുടെ വിവാഹം കഴിയുമ്പോൾ, ചെയ്യേണ്ടതു ചെയ്യാൻ പ്രാപ്തിയില്ലാതെ തളർന്നുപോകുന്നു.

ഏർപ്പെടുന്ന എല്ലാക്കാര്യങ്ങളിലും ഒന്നാം സ്ഥാനത്ത് എത്തണമെന്ന വാശിയോടെ മത്സരിക്കാൻ പരിശീലിപ്പിച്ചു വളർത്തിയ ഈ മക്കൾ, കുടുംബജീവിതത്തിലും പരസ്പരം മത്സരിച്ചും കുറ്റപ്പെടുത്തിയും പരാജയപ്പെട്ടുപോകുന്നു.

ഇത്തരം ധാരാളം സംഭവങ്ങളും, അതേക്കുറിച്ചു പ്രചരിക്കുന്ന, ഏറെ നിറംപിടിപ്പിച്ച കഥകളും ശ്രദ്ധിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക്, വിവാഹം ചെയ്യാൻ പേടിയും മടിയും തോന്നുന്നത് വളരെ സ്വാഭാവികമല്ലേ?

പല മാതാപിതാക്കളും ഇതു പുറത്തുപറയാറില്ല. കാരണം, പ്രശ്നങ്ങളും കഷ്ടപ്പാടുകളും അഭിപ്രായവ്യത്യാസങ്ങളും ശാന്തതയോടെ കൈകാര്യം ചെയ്താൽ കുടുംബജീവിതം ആസ്വാദ്യമാകുമെന്നു മാതൃക കാണിച്ചുകൊടുക്കാൻ, തങ്ങൾക്കു കഴിയാതെപോയല്ലോ എന്ന കുറ്റബോധംതന്നെ.

പരസ്പരം മനസ്സിലാക്കുന്നതിലും, ആശയവിനിമയം നടത്തുന്നതിലും, ഇടപെടലുകളിലും അറിയാതെ സംഭവിച്ചുപോകുന്ന അബദ്ധങ്ങളാണ് പല കുടുംബങ്ങളിലും ബന്ധങ്ങളിൽ അസ്വസ്ഥത സൃഷ്ടിച്ചത്.

ചില കാര്യങ്ങൾ പറഞ്ഞുവരുമ്പോൾ ഉദ്ദേശിച്ച അർഥമായിരിക്കില്ല വായിൽനിന്നു പുറത്തുവരുന്നത്. പലപ്പോഴും പറയുന്ന ആൾ ഉദ്ദേശിച്ച അർഥത്തിലായിരിക്കില്ല, കേൾക്കുന്ന ആൾ കാര്യം മനസ്സിലാക്കുന്നത്. വാക്കിലെ അർഥം മാത്രമല്ല, സ്വരത്തിലും ഭാവത്തിലും വ്യത്യസ്തങ്ങളായ അർഥവും അനർഥങ്ങളും ഒളിഞ്ഞിരിക്കുന്നു എന്ന് പലർക്കും അറിയില്ല.

നല്ല ഉദ്ദേശ്യത്തോടെ ചെയ്ത പലതും, വിപരീതഫലം ഉണ്ടാക്കിയത്, ഭവിഷ്യത്തുകളെക്കുറിച്ചു മനസ്സിലാക്കാതെ പ്രവർത്തിച്ചതുകൊണ്ടാണ്.

കുടുംബത്തിൽമാത്രമല്ല, തൊഴിൽസ്ഥലത്തും, മറ്റുള്ളവരുമായി ശാന്തതയോടെ ഇടപെടാനും, സഹകരിച്ചു പ്രവർത്തിച്ച് എല്ലാവരുടെയും ലക്ഷ്യം സാധ്യമാക്കാനാവുംവിധം സ്വച്ഛമായി ജീവിക്കണമെങ്കിൽ, സാമൂഹികജീവിയായ മനുഷ്യനു തന്റെയും തന്റെ സഹജീവികളുടെയും സ്വഭാവരീതികൾ മനസ്സിലാക്കി പഠിച്ചേ മതിയാകൂ.

അതിനുതകുന്ന ഏതാനും ശാസ്ത്രമേഖലകളെക്കുറിച്ചു പരിചയപ്പെടുത്താനാണ് എന്റെ ഈ കുറിപ്പുകൾ. നിങ്ങൾ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, തീർച്ചയായും ഈ വിഷയങ്ങളെക്കുറിച്ചു കൂടുതൽ ആഴത്തിൽ അറിവു നേടണം.

**തുടർന്ന് വായിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക**



**ഇതിൽ കാണിച്ചിരിക്കുന്ന മനഃശാസ്ത്രസിദ്ധാന്തങ്ങൾ പരിശീലിച്ചെടുത്താൽ, കുടുംബത്തിലും പുറത്തും നിങ്ങൾ ഇടപെടുന്നവരെ മനസ്സിലാക്കാനും, ആകർഷിക്കാനും അനുനയിപ്പിക്കാനും നിങ്ങൾക്ക് അനായാസം സാധിക്കും.**

**അതുപോലെ, നിങ്ങളുടെ വേണ്ടപ്പെട്ടവർ നിങ്ങളെ മനസ്സിലാക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, അവരെയും നിങ്ങൾ ഇതു പഠിപ്പിക്കുക.**

**സസ്നേഹം, ജോർജ്ജ് കാടൻകാവിൽ**

Educating and Uniting the Right Man with the Right Woman Since 1996

Bethlehem Matrimonial.com

Bethlehem Center for Research and Family Development
Kaloor, Kochi-17, Ph: 92493 92518 0484-4030566

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org